ജനുവരി 2025

# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്, അയ്യന്തോൾ






ഏവർക്കും
പുതുവത്സരത്തിന്റെയും
തിരുനാളിന്റെയും
റിപ്പബ്ലിക് ദിനത്തിന്റെയും
ആശംസകൾ


₹
SINCE 1980
CHERUPUSHPAM
GOLD LOAN
AN ISO 9001-2008 CERTIFIED COMPANY
Cherupushpam Kuries Olarikkara Pvt. Ltd,
Olarikkara, Pullazhy P.O., Thrissur -680 012
Mob: 8547667788,8547778899
E-mail: cherupushpamkuries@gmail.com
www.cherupushpamkuries.com
Dr. Joy Anto, Managing Director
Jolly Stephan, Chairman



# മരിയനാദം

സെന്റ് മേരീസ് അസംപ്ഷൻ ചർച്ച്
അയ്യന്തോൾ, തൃശ്ശൂർ – 680003
ഫോൺ: 9778346027
Email:mariyanadham.info@gmail.com
www.ayyantholechurch.com

**പുസ്തകം 31**
**2025 ജനുവരി**
**ലക്കം 01**

ചീഫ് എഡിറ്റർ
**ഫാ. വർഗ്ഗീസ് എടക്കളത്തൂർ** 9656020925

മാനേജിംഗ് എഡിറ്റർ
**ശ്രീ. ജേക്കബ് തോലത്ത്** 9495565910

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
ശ്രീമതി. ഗ്രേസി ജോണി വടക്കേത്തല 8129978716
ശ്രീ. അഡ്വ. നെറ്റോ നെല്ലിശ്ശേരി 9847970504

ട്രഷറർ
ശ്രീമതി ത്രേസ്യാമ്മ ജേക്കബ് തോലത്ത് 7306711871

എഡിറ്റോറിയൽ മെമ്പേഴ്സ്
റവ. സി. ജോയ്സ് മരിയ 9072371675
ശ്രീ. ജെയ്സൻ കൂള 9495062073
ശ്രീ. ടോണി തരകൻ 9447728883
ശ്രീ. ജെയിംസ് കളപ്പുരയ്ക്കൽ 9847551115
ശ്രീ. ജോഫിൻ കൊളങ്ങര 8943554456
ശ്രീ. ജോർജ്ജ് കൈപ്പറമ്പിൽ 9447458560
ശ്രീ. ഫ്രാൻസീസ് അറങ്ങാശ്ശേരി 9847484720
ശ്രീമതി സ്റ്റാർലിൻ വർഗ്ഗീസ് 9496093192
ശ്രീമതി ബീന വിൻസെന്റ് 8848632006
ശ്രീമതി നൈന ഷാജു 9496760313

എക്സ് ഒഫീഷ്യോ മെമ്പർമാർ
ശ്രീ. മേജോ കെ.ജെ 9847865010
(കേന്ദ്രസമിതി കൺവീനർ)
ശ്രീമതി ജോർലിൻ ജോഷി 9544962005
(കേന്ദ്രസമിതി സെക്രട്ടറി)

നടത്തുകൈക്കാരൻ
ശ്രീ. ജോഷി തട്ടിൽ 9497145999

## താളുകളിലൂടെ...

| | |
|---|---|
| എഡിറ്റോറിയൽ | 02 |
| എന്റെ ദേവാലയം | 3 |
| ഇടയശബ്ദം | 04 |
| വിശ്വാസ പരിശീലനവാർത്തകൾ | 05 |
| ഓർമ്മിക്കുക ആചരിക്കുക | 06 |
| കുടുംബകൂട്ടായ്മ വാർത്തകൾ | 07 |
| ദനഹാ അഥവാ എപ്പിഫനി | 09 |
| വി. എസ്താപ്പാനോസ് | 11 |
| സമയം | 13 |
| വചന വിചിന്തനം | 14 |
| ഹൃദയം നല്ലതെന്ന് എങ്ങനെ അറിയാം | 14 |
| മനുഷ്യന്റെ കണ്ണിലെ കുറവുകൾ | 15 |
| നീതി, കാരുണ്യം, വിശ്വസ്തത | 15 |
| വിശുദ്ധ ഡോൺ ബോസ്ക്കോ | 16 |
| വിൻസെന്റ് ഡി പോൾ വാർത്തകൾ | 17 |
| പുതുവർഷം ഈശോയ്ക്ക് | 18 |
| തേനീച്ചകളുടെ അറിവ് | 20 |
| ബൈബിൾ ക്വിസ് | 21 |
| ചായക്കൂട്ട് മത്സരം | 24 |

**നടത്തുകൈക്കാരൻ**
**ശ്രീ. ജോഷി തട്ടിൽ 9497145999**

**പള്ളി ഓഫീസ് സമയം**

| | |
|---|---|
| സാധാരണ ദിവസങ്ങളിൽ | 7.00 a.m. - 8.00 a.m.<br>6.00 p.m. - 8.30 p.m. |
| ഞായർ | 10.30 a.m. - 12.30 p.m. |

**തിങ്കൾ അവധി**

**ഇടവക പള്ളിയിലെ**
**വിശുദ്ധ കുർബ്ബാന സമയം**

| | |
|---|---|
| സാധാരണ ദിവസം | – 6.30 a.m |
| ഞായർ | – 6.30 a.m 9.45 a.m |
| മൂന്നാം ബുധൻ | – 6.30 a.m 7.00a.m |

കപ്യാർ : വിൽസൺ ആളൂർ കൊക്കൻ – +919745844551

# എഡിറ്റോറിയൽ



# രക്ഷയുടെ വടുക്കൾ

2025 എന്ന പുതുവർഷത്തിലേക്ക് നാമിതാ കാലെടുത്തു വച്ചു. കാലത്തെ നാം വർഷങ്ങളായി തിരിക്കുന്നു. കഴിഞ്ഞ വർഷങ്ങളിൽ നമുക്കുണ്ടായ മുറിവുകൾ, വേർപാടുകൾ, ഭാരങ്ങൾ ഇവയെയെല്ലാം സുഖപ്പെടുത്തുന്ന ദിവ്യ ഔഷധമാണ് കാലം എന്നു നാം അനുഭവത്തിലൂടെ മനസ്സിലാക്കിയിട്ടുണ്ട്.

ഇങ്ങനെ ഒരു കഥ ആരോ പറഞ്ഞുവെച്ചു. കാലങ്ങൾ കടന്നുപോകവേ, ഏതോ ഒരു ബിന്ദുവിൽ കായേനും ആബേലും കണ്ടുമുട്ടാനിടയായി. കായേൻ സഹോദരനെ തന്നോട് ചേർത്ത് വെച്ച് നെറ്റിയിലെ മുറിവിൽ ചുംബിച്ച് ഇങ്ങനെ മന്ത്രിച്ചു; എനിക്ക് തെറ്റുപറ്റി, ഞാൻ നിന്നെ കൊന്നു. ആബേലിന്റെ മറുപടി വളരെ ശ്രദ്ധാർഹമായിരുന്നു. നീയാണോ എ്ന്നെ കൊന്നത്. എനിക്കറിയില്ല, ഞാനതു മറന്നു. കായേന് സമാധാനമായി. അവൻ ഇങ്ങനെ പിറുപിറുത്തു. ഇപ്പോൾ എനിക്കറിയാം നീയെന്നോട് ക്ഷമിച്ചെന്ന്. നീയതുമറന്നല്ലോ.

വ്രണിതാനുഭവങ്ങൾ എല്ലാവരുടെ ജീവിതത്തിലും ഉണ്ടാകും. കാലം ഇതിനെ സൗഖ്യപ്പെടുത്തിയാലും വടുക്കൾ അവശേഷിക്കും. രക്ഷയുടെ വടുക്കൾ എന്ന് ഇവയെ ആത്മീയഭാഷയിൽ പറയാം. പക്ഷേ ഇതിൽ ചോര പൊടിയുന്നില്ല. ഒരു മഹാകാരുണ്യത്തിന്റെ ഇടപെടൽ ഇവിടെ സംഭവിക്കുന്നതാണ് ഇതിനു കാരണം.

ആ മഹാകാരുണ്യത്തിന്റെ വെളിപ്പെടലുകളുടെ എപ്പിഫെനിയുടെ ഓർമ്മകളും ഈ മാസം തന്നെയാണ് നാം കൊണ്ടാടുന്നത്. യഹൂദരുടെ ഇടയിൽ മറ്റൊരാൾക്കു സ്നാനം നൽകുന്ന രീതി യോഹന്നാന്റെ കാലം വരെ ഉണ്ടായിരുന്നില്ല. പശ്ചാത്തപിക്കുന്നവർക്ക് ദൈവം നൽകുന്ന പാപമോചനത്തിന്റെ അടയാളമായി സ്നാനം നൽകുന്ന പതിവ് ആരംഭിച്ചത് യേശുവിന്റെ മുന്നോടിയായി വന്ന യോഹന്നാനാണ്. അതുകൊണ്ടാണ് യോഹന്നാൻ ഒഴികെ മറ്റുസുവിശേഷകർ സ്നാപകയോഹന്നാൻ എന്ന് അദ്ദേഹത്തെപ്പറ്റി പരാമർശിച്ചത്. യോഹന്നാൻ തന്റെ സുവിശേഷത്തിൽ ഈ പേര് സൂചിപ്പിച്ചില്ല; കാരണം തന്റെ കാഴ്ചപ്പാടിൽ സ്നാനം നൽകുന്നതിനേക്കാൽ യേശുവിന് സാക്ഷ്യം നൽകുക എന്നതാണ് പ്രധാന ഉത്തരവാദിത്വം എന്നു കരുതി. അവൻ സാക്ഷ്യം നൽകാൻ വന്നു; വെളിച്ചത്തിന് സാക്ഷ്യം നൽകാൻ (യോഹ 1:7). തന്റെ സാക്ഷ്യം മൂലം യോഹന്നാന്റെ 2 ശിഷ്യന്മാർ അവനെ വിട്ടുപോയി. എങ്കിലും

അദ്ദേഹം കൂടുതൽ ശക്തമായി യേശുവിന് സാക്ഷ്യം നൽകിക്കൊണ്ടിരുന്നു. ഈ എളിമയും കാരുണ്യവും നമ്മൾ ദർശിക്കുന്ന മറ്റൊരു ജീവിതമാണ് രണ്ടാം ക്രിസ്തു എന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് അസ്സീസിയുടേത്. വഴിയിലൂടെ എപ്പോഴും ഓരം ചേർന്ന് നടന്നിരുന്ന അദ്ദേഹം പറയുന്നതിപ്രകാരമാണ്. തന്നേക്കാൾ വലിയ ഒരാൾ കടന്നുപോകേണ്ടതുള്ളതിനാലാണ് താനിങ്ങനെ ഓരം ചേർന്ന് നടക്കുന്നത്. മറ്റുള്ളവരെ സ്നേഹിക്കാനും, ബഹുമാനിക്കുവാനുമുള്ള മാതൃക ഈ രണ്ടുവ്യക്തിത്വങ്ങളിലൂടെ നാം മനസ്സിലാക്കി.

നമുക്കും കടന്നുപോയ വർഷങ്ങളിലുണ്ടായ രോഗദാരിദ്ര്യങ്ങളേയും, നഷ്ടപ്പെടലുകളേയും മറവിയുടെ ആഴങ്ങളിലേക്ക് വലിച്ചെറിയാം. ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദി പറയാൻ മറക്കണ്ട. കുറവുകൾക്കു വിടനൽകി നിറവുകളാക്കാൻ വേണ്ടിയാകണം വരും ദിനങ്ങൾ. മറ്റുള്ളവരെ സ്നേഹിച്ചും, സേവിച്ചും, ബഹുമാനിച്ചും ജീവിക്കാനായി നമുക്കും വഴിയോരം ചേർന്നുനടക്കണം. പ്രവർത്തന നിരതതരും പ്രത്യാശഭരിതരുമായി നമുക്ക് പുതുവർഷത്തിലേക്ക് പ്രവേശിക്കാം.

ഒപ്പം വി. സെബസ്ത്യാനോസിന്റേയും തിരുനാൾ ആശംസകൾ ഏവർക്കും സ്നേഹത്തോടെ ആശംസിക്കുന്നു.

**പത്രാധിപസമിതി**

# എന്റെ ദേവാലയം

- സ്റ്റീന ടിനു
സെ. ജോസഫ് യൂണിറ്റ്

ദൈവത്തിൻ ആലയം ദേവാലയം
ദൈവം വസിക്കുന്ന പുണ്യാലയം
മനസ്സിൻ മാറാല നീക്കിക്കൊണ്ട്
ഹൃദയത്തിൻ വാതിൽ നീ തുറന്നീടേണം
ഞാനാകും ദേവാലയത്തിനുള്ളിൽ
നീ എന്നും വാഴാനായ് വന്നീടേണം
പാപകറകൾ നീക്കിക്കൊണ്ട്
പാവനഗേഹം നീ പുൽകീടേണം
ഹൃദയത്തിൽ സക്രാരിക്കൂടിനുള്ളിൽ
നീ മുറിയുന്ന അപ്പമായ് മാറീടേണം
ആത്മാവാം ലോഹയണിഞ്ഞുകൊണ്ട്
പാവനബലിയായ് നീ മാറിടേണം
കാണുവാൻ ആശയായ് കാത്തിരിപ്പു
പ്രാർത്ഥനാപൂർവ്വമെൻ നവദേവാലയം



# ഇടയശബ്ദം



സ്നേഹമുള്ള കുടുംബാംഗങ്ങളേ,

ഏവർക്കും പുതുവത്സരാശംസകൾ ഏറ്റവും സ്നേഹത്തോടെ പ്രാർത്ഥനാപൂർവ്വം നേരുന്നു. നമ്മളിപ്പോൾ സന്തോഷത്തോടെ പുതുവത്സരത്തെ വരവേറ്റുകാണും; ഇതേ സന്തോഷത്തോടെ, ഇതിലേറെ സന്തോഷത്തോടെ ഈ വർഷത്തിന്റെ സമാപനത്തിലേക്കും നമുക്കെത്തിച്ചേരണം. അതിനായി ഈ പുതുവർഷത്തെ ഔദാര്യപൂർവ്വം നമുക്കു നൽകിയ ദൈവത്തോടൊപ്പം സഞ്ചരിക്കുവാൻ നമുക്കു തീരുമാനമെടുക്കാം.

നമ്മളെല്ലാവരും സന്തോഷിക്കാൻ ആഗ്രഹിക്കുന്നവരാണ്; ഈ സന്തോഷം സ്വന്തമാക്കാൻ എന്തുമാത്രം ത്യാഗങ്ങളാണ് നാം ഏറ്റെടുക്കുന്നത്. അങ്ങനെയെങ്കിൽ ഈ സന്തോഷത്തിന്റെ മുഴുവൻ ദാതാവായ ദൈവത്തോടൊപ്പമാകാൻ ഒരു ചെറിയ ത്യാഗം ഏറ്റെടുത്താലോ? അതിരാവിലെ ദൈവത്തോടൊപ്പമാകാനാകുന്ന പ്രഭാതബലിയർപ്പണത്തിൽ പങ്കെടുത്തുകൊണ്ട് നമ്മുടെ സന്തോഷങ്ങളെ വിശുദ്ധീകരിക്കാനാകും, പൂർത്തീകരിക്കാനാകും. ഈയിടെ വായിച്ച ഒരു സന്ദേശം ഇങ്ങനെ:

അനുദിനം ബലിയർപ്പണത്തിൽ പങ്കുചേർന്നാൽ...

- **ജീവിതത്തിന്റെ പരുപരുത്ത സാഹചര്യങ്ങളെ നേരിടുന്നതിനുമുമ്പ് ദൈവത്തെക്കണ്ട് ശക്തിപ്രാപിക്കാനാകും.**
- **മനുഷ്യരോട് സംസാരിക്കുന്നതിനുമുമ്പ് ദൈവത്തോടു സംസാരിക്കാനാകും.**
- **മനുഷ്യരോട് കൂട്ടുചേരുന്നതിനുമുമ്പ് ദൈവത്തോട് കൂട്ടുചേരാം.**
- **ലോകവാർത്തകളറിയുന്നതിനുമുമ്പ് വചനത്തിലൂടെ ദൈവികദൂത് കേൾക്കാനാകും.**
- **മനുഷ്യരുടെ മുമ്പിൽ മുട്ടുകുത്തുന്നതിനുമുമ്പ് ദൈവത്തിന്റെ മുമ്പിൽ മുട്ടുകുത്തി കൃപയാൽ ശക്തിപ്രാപിക്കാനാകും.**
- **മനുഷ്യരെ ആദരിക്കുന്നതിനുമുമ്പ് ദൈവത്തെ ആദരിക്കാനാകും.**
- **ലോകത്തിന്റെ സംഗീതം ആസ്വദിക്കുന്നതിനുമുമ്പ് ദൈവീകസംഗീതമാലപിച്ച് ദൈവത്തെ മഹത്വപ്പെടുത്താനാകും.**

- **മറ്റുള്ളവരെ പേരുവിളിക്കുന്നതിനുമുമ്പ് യേശുനാമം വിളിക്കാനാകും.**
- **ശാരീരിക ഭക്ഷണത്തിനുമുമ്പ് ആത്മീയഭക്ഷണം സ്വീകരിക്കാനാകും. അങ്ങനെ... അങ്ങനെ... അങ്ങനെ.**

ഒരു പ്രഭാത ബലിയർപ്പണത്തിലൂടെ ഒരു ദിവസം വിശുദ്ധീകരിക്കപ്പെടുന്നു. അനുദിനബലിയർപ്പണത്തിലൂടെ ഒരു ആയുസ്സുമുഴുവനും വിശുദ്ധീകരിക്കപ്പെടുന്നു; സന്തോഷത്തോടെ ജീവിക്കാൻ സാധിക്കുന്നു. ഇതാകട്ടെ പുതുവത്സരത്തിലെ എന്റെ ധ്യാനവും തീരുമാനവും.

ദൈവാനുഗ്രഹം നിറഞ്ഞ പുതുവർഷാശംസകളോടെ,

ഈശോയിൽ സ്നേഹപൂർവ്വം,**വർഗ്ഗീസച്ചൻ**

---



# വിശ്വാസ പരിശീലന വാർത്തകൾ

ഏറ്റവും സ്നേഹമുള്ള അധ്യാപകരേ, മാതാപിതാക്കളേ, വിദ്യാർത്ഥികളേ,

ജനുവരി 1-ാം തിയ്യതി നാം പുതിയൊരു വർഷമായ 2025ലേക്ക് പ്രവേശിക്കുകയാണല്ലോ. കഴിഞ്ഞ കാലത്തെപ്പറ്റി ചിന്തിച്ച് ഭാവിയിൽ പ്രാവർത്തികമാക്കേണ്ട നിഗമനങ്ങളെടുക്കാനുള്ള, പുതിയൊരു ജീവിതം ആരംഭിക്കാനുള്ള അവസരം. നിർമ്മലവും വിശാലവുമായ സ്നേഹപൂർണ്ണമായ ഹൃദയം കൊണ്ടും തീവ്രതയാർന്ന ആത്മീയ ചൈതന്യംകൊണ്ടും മഹത്വപൂർണ്ണമായ ഒരു ജീവിതഘട്ടത്തിലേക്ക് പ്രവേശിക്കാൻ നമുക്ക് ശ്രമിക്കാം. നന്മകളാൽ സമൃദ്ധമായ നവീകൃത ജീവിതമെന്നത് നമ്മുടെ മുദ്രാവാക്യമായിരിക്കണം. ക്രിസ്തുവിൽ നവീനസൃഷ്ടിയാവുകയെന്നത് നമ്മുടെ ലക്ഷ്യമായിരിക്കട്ടെ. ആന്തരിക നവീകരണം ബാഹ്യമായി പ്രകടമാവുന്നത് നല്ല വാക്കുകളിലൂടെയും നല്ല പ്രവൃത്തികളിലൂടെയുമാണ്. ഏവർക്കും പുതുവത്സരത്തിന്റേയും തിരുനാളിന്റേയും പ്രാർത്ഥനാശംസകൾ ഏറെ സ്നേഹപൂർവ്വം നേരുന്നു.

ഈ വിശ്വാസപരിശീലനവർഷത്തെ വാർഷികപരീക്ഷകൾ ഫെബ്രുവരി 9-ാം തിയ്യതി ഞായർ മുതൽ ആരംഭിക്കുകയാണല്ലോ. എല്ലാ വിദ്യാർത്ഥികളും മുടങ്ങാതെ വിശ്വാസപരിശീലന ക്ലാസ്സുകളിൽ പങ്കെടുക്കാനും വിശുദ്ധ കുർബ്ബാനയിൽ പങ്കെടുത്ത് ഈശോയിൽ നവീകൃതമായ ഒരു ജീവിതം കെട്ടിപ്പടുക്കുവാനും ശ്രമിക്കുമല്ലോ. മക്കളുടെ വിശ്വാസസംബന്ധമായ വളർച്ചയ്ക്കുവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കികൊടുക്കുവാൻ മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഒരിക്കൽകൂടി എല്ലാവർക്കും പുതുവത്സരത്തിന്റെയും വി. സെബസ്ത്യാനോസ് പുണ്യവാളന്റെ തിരുനാളിന്റേയും മംഗളാശംസകൾ ഏറെ സ്നേഹപൂർവ്വം നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം, Dr. ജോയ് കരേരക്കാട്ടിൽ (പ്രിൻസിപ്പാൾ)

## അറിയിപ്പ്

ബൈബിൾ ക്വിസ് എഴുതുന്നവർ ഉത്തരകടലാസിൽ പേരും യൂണിറ്റും എഴുതേണ്ടതാണ്.

**പത്രാധിപസമിതി**




## ഓർമ്മിക്കുക ആചരിക്കുക

### 2025 ജനുവരി

| | | |
|---|---|---|
| 01.01.2025 | ബുധൻ | വർഷാരംഭം |
| 02.01.2025 | വ്യാഴം | വി.ചാവറ കുരിയാക്കോസ് ഏലിയാസ് |
| 04.01.2025 | ശനി | വി.എലിസബത്ത് |
| 05.01.2025 | ഞായർ | വി.ജോൺ നോയിമാൻ |
| 06.01.2025 | തിങ്കൾ | ദനഹ തിരുനാൾ |
| 08.01.2025 | ബുധൻ | വി. ക്ളൗഡിയൂസ് |
| 11.01.2025 | ശനി | വി. തെയോഡോഷ്യസ് |
| 13.01.2025 | തിങ്കൾ | വി. ഹിലരി |
| 14.01.2025 | ചൊവ്വ | വി. ദേവസഹായം പിള്ള |
| 16.01.2025 | വ്യാഴം | ജോസഫ് വാസ് |
| 19.01.2025 | ഞായർ | തിരുനാൾ കൊടിയേറ്റം, വി. മാരിയൂസ് |
| 20.01.2025 | തിങ്കൾ | വി.സെബസ്ത്യാനോസ് |
| 21.01.2025 | ചൊവ്വ | വി. ആഗ്നസ് |
| 22.01.2025 | ബുധൻ | വി. വിൻസെന്റ് പള്ളോട്ടി |
| 24.01.2025 | വെള്ളി | വി. ഫ്രാൻസീസ് സാലസ് |
| 25.01.2025 | ശനി | യൂണിറ്റിലേക്ക് അമ്പ് എഴുന്നള്ളിപ്പ്, കൂടുതുറക്കൽ |
| 26.01.2025 | ഞായർ | ഇടവക തിരുനാൾ, റിപ്പബ്ലിക് ദിനം |
| 27.01.2025 | തിങ്കൾ | വി. തോമസ് അക്വീനാസ് |
| 28.01.2025 | ചൊവ്വ | വി. എസ്തപ്പാനോസ്, ഇടവക തിരുനാൾ |
| 30.01.2025 | വ്യാഴം | ലോക സമാധാനദിനം |
| 31.01.2025 | വെള്ളി | വി. ജോൺ ബോസ്കോ |



# കുടുംബകൂട്ടായ്മ വാർത്തകൾ

## സെന്റ് സേവിയേർസ് കുടുംബകൂട്ടായ്മയുടെ 33–ാം വാർഷികാഘോഷത്തിന്റെ റിപ്പോർട്ട്

സെന്റ് സേവിയേർസ് കുടുംബകൂട്ടായ്മയുടെ 33-ാം വാർഷികം 8.12.2024ന് വൈകീട്ട് 6 മണിക്ക് സെ. മേരീസ് ഹാളിൽ വച്ച് സാഘോഷം കൊണ്ടാടി. ആൻട്രീസയുടെ പ്രാർത്ഥനാഗാനത്തോടുകൂടി യോഗം ആരംഭിച്ചു. യൂണിറ്റിൽനിന്നും മരണപ്പെട്ടവർക്കുവേണ്ടി അനുസ്മരണ പ്രാർത്ഥന നടത്തി. വൈസ് പ്രസിഡന്റ് ശ്രീമതി അൽഫോൻസ അറക്കപ്പാടൻ സ്വാഗതം ആശംസിച്ചു. ബഹു. വികാരി വർഗ്ഗീസ് എടക്കളത്തൂരച്ചൻ യോഗം ഉദ്ഘാടനം ചെയ്തു. അതോടൊപ്പം വി. ഫ്രാൻസിസ് സേവിയറിന്റെ തിരുനാളും ഈ വർഷത്തെ പ്രത്യേകതയും ഈ വാർഷികം നടത്തുന്നതിന് വളരെ ഉചിതമായ സമയമാണെന്ന് അച്ചൻ പറഞ്ഞു. ഭാരതത്തിന്റെ രണ്ടാമത്തെ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വി. ഫ്രാൻസിസ് സേവിയർ 1506 ഏപ്രിൽ 7ന് സ്പെയിനിലെ ഒരു പ്രഭുകുടുംബത്തിൽ ജനിച്ചു വളർന്നു. 1525ൽ പാരിസ് സർവ്വകലാശാലയിൽനിന്നും ബിരുദാനന്തര ബിരുദം നേടി അവിടെത്തന്നെ തത്വശാസ്ത്ര അധ്യാപകനായി നിലകൊള്ളുന്ന സമയത്താണ് ഇഗ്നേഷ്യസ് ലയോള എന്ന് സൈന്യാധിപനെ കണ്ടുമുട്ടുന്നത് അദ്ദേഹം ഫ്രാൻസിസിനെ ഈശോസഭാംഗത്തിൽ ചേർന്നു. അദ്ദേഹം ഫ്രാൻസിസിനെ നോക്കി എപ്പോഴും ഒരു ദൈവവചനം പറയും. "ഒരുവൻ ലോകം മുഴുവൻ നേടിയാലും സ്വന്തം ആത്മാവു നശിച്ചാൽ അവന് അതുകൊണ്ട് എന്ത് പ്രയോജനം" ഈ വചനം പിന്നീട് ഫ്രാൻസിസിന്റെ ജീവിതം തന്നെ മാറ്റിമറിച്ചു. ഫ്രാൻസിസ് തന്റേതായ എല്ലാം ഉപേക്ഷിച്ച് കടലോരതീരപ്രദേശത്ത് യേശുവിന്റെ സുവിശേഷം പ്രസംഗിച്ചു. മിഷ്യൻ പ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ചു. ലക്ഷക്കണക്കിനാളുകളെ മാനസാന്തരപ്പെടുത്തുകയും പതിനായിരകണക്കിന് ആളുകളെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്തു. മാത്രമല്ല ഭാഷാവരവും രോഗശാന്തിവരവും പ്രകൃതിശക്തിയെവരെ നിയന്ത്രിക്കാനുള്ള വരവും ഫ്രാൻസിസിനുണ്ടായിരുന്നു. 1552ൽ ഡിസംബർ 3-ാം തിയ്യതി അന്തരിച്ചു. അഴുകാത്ത ഫ്രാൻസിസ് സേവിയറിന്റെ ഭൗതികശരീരം ഗോവയിലെ ബോം ജീസസ് കത്തീഡ്രൽ ദേവാലയത്തിൽ സൂക്ഷിച്ചിരിക്കുന്നു. 10 വർഷത്തിലൊരിക്കൽ വിശുദ്ധന്റെ ഭൗതികശരീരം പൊതുദർശനത്തിനായി വയ്ക്കുന്നു. ഇപ്പോൾ 472 വർഷമായിട്ടും അഴുകാത്ത വി. ഫ്രാൻസിസ് സേവിയറിന്റെ നാമധേയത്തിലുള്ള ഈ യൂണിറ്റിന്റെ എല്ലാ പ്രവർത്തനങ്ങളും നല്ല രീതിയിൽ നടത്താൻ ശക്തിപ്രാപിക്കട്ടെ എന്ന് ആശംസിച്ചു

കൊണ്ട് വിശുദ്ധനെ കുറിച്ച് നല്ല അറിവ് പകർന്നുതന്നു.
പ്രസിഡന്റ് ശ്രീ. ജോസഫ് രാജു അക്കര അദ്ധ്യക്ഷ്യപ്രസംഗം നടത്തി. യൂണിറ്റ് അംഗങ്ങളുടെ ഒത്തൊരുമയും കൂട്ടായ്മയും അതുപോലെതന്നെ യൂണിറ്റിംഗങ്ങളുടെ നല്ല പരിശ്രമവുമാണ് ഈ യൂണിറ്റിന്റെ വിജയം എന്ന് എടുത്തുപറഞ്ഞു. അതുകൊണ്ടുതന്നെയാണ് കഴിഞ്ഞവർഷത്തെ Best യൂണിറ്റിനുള്ള 2nd prize നമുക്ക് ലഭിച്ചത് ഈ വർഷത്തെ സ്പോർട്സ് ഇനങ്ങളിലെല്ലാം നമ്മുടെ യൂണിറ്റ് തന്നെയാണ് മുൻപന്തിയിൽ നിൽക്കുന്നത്. ഈ വർഷത്തെ Best യൂണിറ്റിനുള്ള Ist prize നമുക്കുതന്നെ ആവണം എന്നും പറഞ്ഞു.
സെക്രട്ടറി ശ്രീമതി ഷീബ റാഫേൽ 3 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു യോഗം അംഗീകരിച്ചു. ട്രഷറർ അഡ്വ. സൈമൺ മേലേത്ത് അവതരിപ്പിച്ച വാർഷിക കണക്കും യോഗം അംഗീകരിച്ചു.
യോഗത്തിൽ നിർമ്മല കോൺവെന്റ് മദർ സൂപ്പീരിയർ സി. അനിത അഗസ്റ്റിൻ ആശംസകൾ അർപ്പിച്ചു. വിശുദ്ധ ഫ്രാൻസിസ് സേവിയറിനെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തി. കേന്ദ്രസമിതി കൺവീനർ ശ്രീ. മേജോ കെ.ജെ. പ്രതിനിധിയോഗ സെക്രട്ടറി അഡ്വ. നെറ്റോ നെല്ലിശ്ശേരി നടത്തുകൈക്കാരൻ ശ്രീ. ജോഷി തട്ടിൽ, ഹോളി ട്രിനിറ്റി പ്രസിഡന്റ് ശ്രീ. സുരേഷ് ജേക്കബ്ബ് എന്നിവർ ആശംസകൾ അർപ്പിച്ചു.
വാർഷിക യോഗത്തിൽ യൂണിറ്റിലെ കുടുംബങ്ങൾ പങ്കെടുത്തു. വാർഷികാഘോഷത്തിന്റെ ഭാഗമായി അന്നേദിവസം രാവിലെ 6.30 ന്റെ ദിവ്യബലിയിൽ കാഴ്ചസമർപ്പണം നടത്തുകയും വായനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. വാർഷികാഘോഷത്തിൽ കൊച്ചുകുട്ടികളും മുതിർന്നവരും കലാപ്രകടനങ്ങൾ നടത്തി. ലോഗോസ് പരീക്ഷയിൽ റാങ്കുകിട്ടിയവരേയും ഡിസ്റ്റിംഗ്ഷ്യൻ കിട്ടിയവരേയും, വിവിധ കലാപ്രകടനങ്ങൾ നടത്തിയവരേയും SSLC, +2 ഫുൾ A+ കിട്ടിയവരേയും പുൽക്കൂട് കരോൾഗാനം, Star Making, യൂണിറ്റിൽ മുടങ്ങാതെ Full Attendence കിട്ടിയവരേയും നവദമ്പതികളേയും യൂണിറ്റ് വാർഷികത്തിൽ സമ്മാനങ്ങൾ നൽകി ആദരിച്ചു. ബൈബിൾ പുതിയനിയമം എഴുതി പൂർത്തിയാക്കി സോഫർ അംഗീകാരവും ഈ വർഷത്തെ കർഷകശ്രീ അവാർഡുനേടിയ മേരിടീച്ചറേയും സമ്മാനം നൽകി ആദരിച്ചു.
ശ്രീമതി റോസിലി ജോസഫ് നടത്തിയ കുസൃതി ചോദ്യോത്തര പരിപാടി എല്ലാവരും ആസ്വദിച്ചു. വാർഷികാഘോഷത്തിന്റെ കൺവീനറായി മിസ് ലിയാൻ ജോഷി, മി. സാൻജോ സൈമൺ എന്നിവരും യൂണിറ്റംഗങ്ങൾ എല്ലാവരും ഒത്തൊരുമിച്ച് പരിപാടി ഭംഗിയായി നടത്തി അതിനുശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു. യൂത്ത് പ്രതിനിധി മിസ് ലിയാൻ ജോഷി യോഗത്തിന് നന്ദി പറഞ്ഞു. പരിപാടി വിജയകരമാക്കാൻ സഹകരിച്ച എല്ലാ യൂണിറ്റംഗങ്ങൾക്കും നന്ദിപറഞ്ഞുകൊണ്ട് റിപ്പോർട്ട് അംഗീകാരത്തിനായ് സമർപ്പിക്കുച്ചു.

**സെക്രട്ടറി, ഷീബ റാഫേൽ**

# 10–ാം ചരമവാർഷികം

**29.03.2025** **27.01.2025**



പുളിക്കൻ ദേവസ്സി മകൻ

## ജോസ്

ജനനം : 11.02.1948
മരണം : 29.03.2015

പുളിക്കൻ ജോസ് ഭാര്യ

## അൽഫോൺസ

ജനനം : 19.12.1951
മരണം : 27.01.2015

പ്രാർത്ഥനാശംസകളോടെ
**കുടുംബാംഗങ്ങൾ**

ലിറ്റിൽ ഫ്ലവർ യൂണിറ്റ്

# വേർപാടിന്റെ 7-ാം വർഷം

18.01.2025



വടക്കൻ ഷാജു മകൻ

## അമൽ ജോസഫ്

ജനനം
08.12.2001

മരണം
18.01.2018

പ്രാർത്ഥനാപൂർവ്വം കുടുംബാംഗങ്ങൾ

സെന്റ് ആന്റണീസ് യൂണിറ്റ്

# 3-ാം ചരമവാർഷികം

## 24.01.2025



ചാലിശ്ശേരി കാളത്തോട്ടുകാരൻ

# ദേവസി മകൻ വറീത്



**ജനനം : 17.05.1947**
**മരണം : 24.01.2022**

മഡോണ യൂണിറ്റ്


White Dog
WE CARE THEM IN GREEN
AC Dog kennel is available
BOOKING STARTED
+91 9995 888 441
MG Road Near Center Point
Poothole, Thrissur

# ദനഹാ അഥവാ എപ്പിഫനി

- ട്രീസ വിൻസെന്റ്
സെ. ജോൺസ് യൂണിറ്റ്

ജനുവരി 6-ാം തീയതി അതായത് ക്രിസ്തുമസ് ഡിസംബർ 25 കഴിഞ്ഞ് 13-ാം ദിവസമാണ് ദനഹാപെരുന്നാൾ തിരുസഭയിൽ ആഘോഷിക്കുന്നത്. ദനഹാ എന്ന വാക്കിന്റെ അർത്ഥം ഉദയം, പ്രകാശം, പ്രഭാതം, സൺറൈസ് എന്നൊക്കെയാണ്. ദനഹ സുറിയാനി പദമാണ്. എപ്പിഫനി ഗ്രീക്ക് പദമാണ്. എപ്പിഫാനിയ എന്ന വാക്കിൽ നിന്നാണ് എപ്പിഫനി ഉത്ഭവിച്ചിരിക്കുന്നത്. ദനഹാ പെരുന്നാളിന് വടക്കൻ കേരളത്തിൽ പിണ്ടിപ്പെരുന്നാൾ എന്നും, തെക്കൻ കേരളത്തിൽ രാക്കുളി പെരുന്നാൾ, പ്രത്യക്ഷീകരണ തിരുനാൾ എന്നും പേരുണ്ട്. ലത്തീൻ സഭയിൽ യേശു ദൈവപുത്രനാണ് എന്ന വെളിപാടിന്റെ ഓർമ്മപുതുക്കലാണ്. തിരുസ്സഭയിൽ ദനഹാക്കാലം പിറവിക്കാലത്തിനുശേഷവും നോമ്പുകാലത്തിനുമുമ്പും ആചരിക്കുന്നു.

കാർഡിനൽ ടിസറന്റ് തിരുമേനിയുടെ കാലത്ത് പൗരസ്ത്യ തിരുസംഘത്തിൽനിന്നും കൽദായ റീത്തുകാർക്കുവേണ്ടി ആണ്ടുവട്ടത്തിലെ വിവിധ കാലങ്ങൾക്കുവേണ്ടി കാനോന നമസ്കാരം മൂന്നു വാല്യങ്ങളായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫാ. ആബേൽ സി.എം.ഐ. എഴുതിയ കാനോന നമസ്കാരം എന്ന പുസ്തകത്തിൽ ദനഹക്കാലത്തിലെ ഓരോ ദിവസവും രാവിലെയും വൈകിട്ടും ചൊല്ലേണ്ട പ്രാർത്ഥനകൾ അടങ്ങിയിരിക്കുന്നു.

ലത്തിൻസഭയിലും പാശ്ചാത്യരാജ്യങ്ങളിലും കിഴക്കുനിന്ന് പൂജരാജാക്കന്മാർ സ്വർണ്ണം, മീറ, കുന്തുരുക്കം ഇവകൊണ്ട് വന്ന് ഉണ്ണിയേശുവിനെ കണ്ട് ആരാധിച്ച സംഭവമാണ് അനുസ്മരിക്കുന്നത്. പൗരസ്ത്യസഭയിൽ ഈശോമിശിഹായുടെ മാമ്മോദീസയെ അനുസ്മരിക്കുന്നു. പാലസ്തീൻ ദേശത്ത് പ്രധാനപ്പെട്ട നദികളിലെ വെള്ളം വാഴ്ത്തി ശുദ്ധീകരിക്കുന്ന ശുശ്രൂഷയുണ്ട്. 4-ാം നൂറ്റാണ്ടിലാണ് വെള്ളം വാഴ്ത്തൽ ശുശ്രൂഷ ആരംഭിച്ചത്.

മിശിഹായുടെ രഹസ്യവും പരസ്യവുമായ ജീവിതം സ്വയം വെളിപ്പെടുത്തുന്നത് ആണ് ദനഹാ. വി. ഗ്രന്ഥതാളുകളിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് ഈ തിരുനാളിന്റെ പ്രത്യേകത മനസ്സിലാക്കാൻ സാധിക്കും. ഈശോയുടെ പരസ്യജീവിതം

ആരംഭിക്കുന്നത് കാനായിലെ കല്ല്യാണവിരുന്നിൽ ഈശോ ചെയ്ത അത്ഭുതത്തോടുകൂടിയാണ്. വി. മത്തായി, വി. മർക്കോസ്, വി. ലൂക്കാ മൂന്നു സുവിശേഷകന്മാരും മിശിഹായുടെ മാമ്മോദീസ രേഖപ്പെടുത്തിയിട്ടുണ്ട്. ഈശോ സ്നാനം കഴിഞ്ഞ് വെള്ളത്തിൽ നിന്നും കയറി അപ്പോൾ സ്വർഗ്ഗം തുറക്കപ്പെട്ടു. ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. എന്ന ഒരു സ്വരം സ്വർഗ്ഗത്തിൽനിന്നും കേട്ടു. മത്തായി 3:16-17. സ്നാപകയോഹന്നാൻ ഇതു കണ്ടു എന്നും സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. യോഹന്നാൻ 1:48 പാലായിൽ രാക്കുളിപെരുന്നാളായിട്ടാണ് ഈശോയുടെ മാമ്മോദീസ ആഘോഷിക്കുന്നത്. രാക്കുളിപെരുന്നാളിന്റെ തലേദിവസം (5-ാം തീയതി) നദികളിൽ ഇറങ്ങി കുളിക്കലും പ്രത്യേക പ്രാർത്ഥനകളും നടത്താറുണ്ട്. യേശു യോർദ്ദാനിലെ ജലത്തിൽ ഇറങ്ങിസ്നാനം സ്വീകരിച്ചപ്പോൾ എല്ലാ ജലാശയങ്ങളിലേയും വെള്ളം വിശുദ്ധീകരിക്കപ്പെട്ടതായി വിശ്വസിക്കപ്പെടുന്നു.

ഇരിങ്ങാലക്കുട രൂപതയിൽ പിണ്ടിപ്പെരുന്നാളായിട്ടാണ് ദനഹ ആഘോഷിക്കുന്നത്. തലേദിവസം 5-ാം രാത്രി, വാഴപ്പിണ്ടിയിൽ ചെരാതുകളിൽ തിരി കത്തിച്ച് വച്ച് ദനഹ പെരുന്നാൾ ആഘോഷിക്കുന്നു. വീടുകളിലും പള്ളികളിലും ബൾബുകൾ കത്തിക്കുന്നു. പ്രകാശത്തിന്റെ പെരുന്നാളായിട്ടാണ് പിണ്ടിപ്പെരുന്നാൾ കൊണ്ടാടുന്നത്. ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു എന്ന് യേശുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. വി. ഗ്രന്ഥം പറയുന്നു മത്തായി 4:16, ഏശയ്യാ 9:2 അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ ഒരു വലിയ പ്രകാശം കണ്ടു. മരണത്തിന്റെ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു. ലൂക്കാ 1-78 നമ്മുടെ ദൈവത്തിന്റെ കാരുണ്യംകൊണ്ട് ഉയരത്തിൽ നിന്നുള്ള ഉദയരശ്മി നമ്മെ സന്ദർശിക്കുമ്പോൾ ഇരുളിലും മരണത്തിന്റെ നിഴലിലും ഇരിക്കുന്നവർക്ക് പ്രകാശം വീശാനും സമാധാനത്തിന്റെ മാർഗ്ഗത്തിലേക്ക് നമ്മെ നയിക്കാനും വേണ്ടി. നമ്മുടെ കർത്താവായ യേശു ലോകത്തെ മുഴുവൻ പ്രകാശിപ്പിക്കുന്ന പ്രകാശമാണ്.

നാം മാമ്മോദീസ സ്വീകരിക്കുമ്പോൾ പരിശുദ്ധാത്മാവ് നമ്മളിലും ഇറങ്ങിവരുന്നുണ്ട്. മാമ്മോദീസയിൽ തിരികത്തിക്കുന്നതുവഴി നാം കർത്താവിന്റെ പ്രകാശം സ്വീകരിക്കുന്നു. കർത്താവിന്റെ പ്രകാശം സ്വീകരിച്ച നമ്മൾ നമ്മുടെ ഉള്ളിലെ അന്ധകാരത്തെ മാറ്റി ദൈവസ്നേഹത്തിൽ സകലർക്കും നന്മചെയ്തുകൊണ്ട് ജീവിച്ച് യഥാർത്ഥ സത്യവെളിച്ചം ഈശോയാകുന്നു എന്ന് ലോകത്തോട് പ്രഘോഷിക്കേണ്ടതാണ്.

ഈശോമിശിഹായ്ക്ക് സ്തുതിയാരിക്കട്ടെ.

# വി. എസ്താപ്പാനോസ്

- നൈന ഷാജു
സെ. ആന്റണീസ് യൂണിറ്റ്



നമുക്കറിയാവുന്നത് പോലെ തിരുസഭയിലെ ആദ്യത്തെ രക്തസാക്ഷിയാണ് വിശുദ്ധ. എസ്തപ്പാനോസ് ക്രിസ്തുവിന്റെ മരണത്തിന് രണ്ട് വർഷങ്ങൾക്ക് ശേഷം വിശുദ്ധൻ കല്ലെറിഞ്ഞ് കൊല്ലപ്പെടുകയാണ് ഉണ്ടായത്. അപ്പസ്തോലപ്രവർത്തനങ്ങൾ അദ്ധ്യായം 6 ലാണ് നാം വിശുദ്ധനെ പറ്റി കാണുന്നത്.

പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് കർത്താവിന്റെ ശിഷ്യന്മാർ സുവിശേഷം പ്രസംഗിക്കാൻ ആരംഭിച്ചതോടെ അനേകായിരം ആളുകൾ ക്രിസ്തുമതത്തിൽ ചേർന്നുകൊണ്ടിരുന്നു. അപ്പസ്തോലന്മാരെ സഹായിക്കാനും, അവരുടെ സുവിശേഷപ്രവർത്തനങ്ങളെ ലഘൂകരിക്കാനും വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 7 ഡീക്കന്മാരിൽ ഒരാളായിരുന്നു വി. എസ്തപ്പാനോസ്.

വിശ്വാസത്താലും പരിശുദ്ധാത്മാവിനാലും നിറഞ്ഞ പുണ്യാത്മാവായിരുന്നു വിശുദ്ധൻ. മഹത്വവും തീക്ഷ്ണതയും നിറഞ്ഞവൻ. ദൈവകൃപയും ശക്തിയും നിറഞ്ഞ് ജനങ്ങളുടെ ഇടയിൽ വലിയ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങളോട് ചെറുത്തുനിൽക്കാൻ വിജാതീയർക്ക് കഴിഞ്ഞില്ല. ഇയാൾ ദൈവത്തിനും മോശയ്ക്കും എതിരായി ദൂഷണം പറയുന്നെന്ന് അവർ ജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു. ജനത്തേയും പ്രമാണിമാരേയും വേദപണ്ഡിതരേയും ശത്രുക്കൾ ഇളക്കിവിട്ടു. എസ്തപ്പാനോസ് തടവിലാക്കപ്പെട്ടു.

പ്രധാനാചാര്യന്റെ ചോദ്യങ്ങളും അവയ്ക്കുള്ള എസ്തപ്പാനോസിന്റെ മറുപടികളും നാം അപ്പസ്തോലപ്രവർത്തനങ്ങൾ അദ്ധ്യായം 7ൽ ഒന്നുമുതൽ 53 വരെയുള്ള വാക്യങ്ങളിൽ കാണുന്നു. എസ്തപ്പാനോസുമായുള്ള തർക്കത്തിൽ അദ്ദേഹത്തിന്റെ ബുദ്ധിയേയും, ജ്ഞാനത്തേയും വാക്കുകളിലെ ആത്മാവിനേയും പ്രതിരോധിക്കാൻ അവർക്ക് കഴിഞ്ഞില്ല. അവിശ്വാസികൾക്ക് പ്രകോപനപരമായി തോന്നിയേക്കാവുന്ന അദ്ദേഹത്തിന്റെ വാക്കുകൾ അധികാരികളേയും, ജനങ്ങളിൽ ചിലരേയും ക്ഷുഭിതരാക്കി. അവർ അദ്ദേഹത്തെ കല്ലെറിഞ്ഞു ക്രൂരമായി മർദ്ദിച്ചു. എസ്തപ്പാനോസ് സ്വർഗ്ഗത്തിലേക്ക് നോക്കി. ദൈവമഹത്വം അദ്ദേഹത്തിന് ദൃശ്യമായി. അദ്ദേഹം വിളിച്ചുപറഞ്ഞു. ഇതാ സ്വർഗ്ഗം തുറന്നിരിക്കുന്നതും, മനുഷ്യപുത്രൻ ദൈവത്തിന്റെ വലത്തുഭാഗത്ത് നിൽക്കുന്നതും ഞാൻ കാണുന്നു. ക്ഷുഭിതരായ ജനക്കൂട്ടം അദ്ദേഹത്തെ നഗരത്തിന് പുറത്താക്കി കല്ലെറിഞ്ഞു. സാക്ഷികൾ തങ്ങളുടെ വസ്

ത്രങ്ങൾ സാവൂൾ എന്ന യുവാവിന്റെ കാൽക്കൽ അഴിച്ചുവച്ചു എന്ന് അപ്പസ്തോലപ്രവർത്തനങ്ങളിൽ നാം വായിക്കുന്നുണ്ട്. മരിക്കുംമുമ്പ് അദ്ദേഹം ഇങ്ങനെ പ്രാർത്ഥിച്ചു: കർത്താവായ യേശുവേ എന്റെ ആത്മാവിനെ കൈക്കൊള്ളണമെ. കർത്താവെ ഈ പാപം അവരുടെ മേൽ ആരോപിക്കരുതെ. ഇതുപറഞ്ഞ് അദ്ദേഹം മരണം വരിച്ചു.

സ്വന്തം ജീവൻ തന്നെ ത്യജിക്കുവാൻ തയ്യാറാകുവിധം ക്രിസ്തുവിനെ പോലെതന്നെ തന്റെ കൊലയാളികൾക്ക് വേണ്ടി പ്രാർത്ഥിച്ചുകൊണ്ട് ക്രിസ്തുവിനെ അനുകരിച്ചവൻ എന്നാണ് ആദ്യ രക്തസാക്ഷിയായ വിശുദ്ധ എസ്തപ്പാനോസിനെക്കുറിച്ച് ആരാധനക്രമത്തിൽ പരാമർശിച്ചിരിക്കുന്നത്. ക്രിസ്തുമസ് കഴിഞ്ഞുവരുന്ന ദിവസം അതായത് ഡിസംബർ 26-ാം തീയതിയാണ് നാം വിശുദ്ധന്റെ തിരുനാൾ സഭയിൽ ആചരിക്കുന്നത്. ഇതിലൂടെ തിരുസഭ ഈ ശിഷ്യനും ഗുരുവും തമ്മിലുള്ള സാദൃശത്തെ എടുത്ത് കാണിക്കുകയും അദ്ദേഹത്തിന്റെ വിശുദ്ധിയുടെ മഹത്വത്തെ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

വിശുദ്ധ എസ്തപ്പാനോസിന്റെ തിരുനാളിൽ ഈ വിശുദ്ധനിൽ വിളങ്ങിയിരുന്ന വിശ്വാസസ്ഥൈര്യത്തിനായി നമുക്കും പ്രാർത്ഥിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ.

ആമ്മേൻ.



ഇന്ത്യയിലെ ഇന്ത്യക്കാരനായ ആദ്യത്തെ ആർച്ച് ബിഷപ്പ്
മാർ. ജോസഫ് കരിയാറ്റി

# 10-ാം ചരമവാർഷികം
25.01.2025



ജനനം : 05.05.1742
മരണം : 10.09.1786



# കെ.സി. ചാക്കുണ്ണി

ജനനം : 30.01.1936 മരണം : 25.01.2015

കരിയാറ്റി ഹൗസ്
റിട്ട. സൂപ്രണ്ട്, ജുഡീഷ്യൽ ഡിപ്പാർട്ട്മെന്റ്
പുതൂർക്കര, അയ്യന്തോൾ

സ്നേഹസ്മരണകളോടെ

ഭാര്യ : ആനി ചാക്കോ
മക്കൾ : ലിൻസി, ഹിറ്റ്ലസ്, ജെസ്മോൻ, ജോമീസ്, ലിസ്മോൻ
മരുമക്കൾ : ഫ്രാൻസീസ്, ഷീജ, റോസ്മോൻ, പോൾ
പേരക്കുട്ടികൾ : റിന്റു, റിറ്റു, അലൻ, ജെറോം, ഫെൽപ്പീസ്, ഷോൺ

സെന്റ് ജോൺ കുടുംബകൂട്ടായ്മ







# Wedding

**12th October 2024**



## Milna

D/o. Mrs. Tesy George
(Chakramakkil House)
& Mr. George M.M
Mekkattukulam House,
Ayyanthole
Thrissur 680 003
Mob : 9947309701

## Jeswin

S/o. Mrs. Betty Antony
(Porathur House)
& Mr. Antony Thomas
Maliekal Nambadan House
East Fort, Thrissur - 680 005











**Aparna**

Adv. Jos Davis & Neetha Jos
Kanjiraparambil House, Ayyanthole

**Alvine**

late N K Joy (Ouseph) & late Molly Joy
Nettikadan House, Meloor



# 8–ാം ചരമവാർഷികം

22-01-2025



## അഡ്വ. ടി.ജി. ജോൺ

(പരേതനായ അഡ്വ. ടി.എൽ. ജോർജ്ജ് മകൻ)

**തോട്ടാൻ ഹൗസ്, സെന്റ് തോമസ് യൂണിറ്റ്**

ജനനം : 07-06-1925　　　മരണം : 22-01-2017

പ്രാർത്ഥനാപൂർവ്വം ഭാര്യ അന്നംകുട്ടി ജോൺ (പൈനാടത്ത്, കറുകുറ്റി)
മക്കൾ/ പേരമക്കൾ/ കൊച്ചുമക്കൾ

എഞ്ചി. ജോർജ്ജ് ജോൺ – സിൽവി ജോർജ്ജ്
ഡോ. ജോസഫ് ടി. ജോൺ (അമല മെഡിക്കൽ കോളേജ്)
ഗ്രീറ്റ ജോർജ്ജ് – ഡോ. ജോർജ്ജ് ജോസഫ് മംഗലി (ഷാർജ)
ഡോ. ഹിമ ജോൺ – ഡോ. ജോൺ ജോണി മഞ്ഞളി, ആരിൻ, കേറ്റലിൻ (മണ്ണാർക്കാട്)
ഡോ. ജീതു ജോൺ – അഡ്വ. ബിയ ജീതു, ജോനെയിസ്
എഞ്ചി. ടീന മാത്യു – എഞ്ചി. മാത്യു ജോസഫ് കോട്ടൂരാൻ, റയൺ, റിവാൻ (ദുബായ്)
ഡോ. ഗ്രീഷ്മ ഫിലിപ്സ് – ഡോ. ഫിലിപ്സ് എന്റണി കന്നാംപ്പാക്കൽ, ടോണിയോ (കണ്ണൂർ)

# പാവനസ്മരണയ്ക്ക്





## സിൽവി ജെറി

ജനനം : 30-04-1957 മരണം : 27-09-2021

**സന്തപ്ത കുടുംബാംഗങ്ങൾ**

*A Very Special Offer....*

*Especially For You....*





**"FRESH WAVE TREE HOUSE"**
MEPPADI - WYANAD (TEA PLANTATION)

**"TREE HOUSE WYANAD"**
NOOLPUZHA - SULTHAN BATHERY - WYANAD (FOREST)

**"FRESH WAVE TREE HOUSE"**
THOTTILPALAM - KOZHIKODE (WATER FALLS)

**Contact : 9961044725, 9447716360**



# സമയം

– ബീന വിൻസെന്റ്, സെ. മേരീസ് യൂണിറ്റ്

വീണ്ടും ഇതാ ഒരു വർഷംകൂടി നമ്മുടെ ജീവിതത്തിലേക്ക് ദൈവം നൽകി. കഴിഞ്ഞ ഒരു വർഷക്കാലം ദൈവം നൽകിയ അനുഗ്രഹങ്ങൾക്ക് ദൈവത്തിന് നന്ദി പറയാനും പുതുവർഷത്തിൽ ദൈവത്തോട് ചേർന്ന് സ്വപ്നങ്ങൾ കാണാനും പുത്തൻ പ്രതീക്ഷകളോടെ ജീവിതം സഫലമാക്കുവാൻ സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കാം. ഈ വർഷത്തിന്റെ തുടക്കത്തിൽതന്നെ സമയം ഒരു വിലപ്പെട്ട ദൈവികദാനമായി കരുതി ജീവിത വ്യാപാരങ്ങളെ ക്രമീകരിച്ച് ശരിയായ ലക്ഷ്യത്തോടെ അദ്ധ്വാനിച്ചാൽ വിജയം നമുക്കും സാധ്യമാകും. സമയത്തിന്റെ വില തിരിച്ചറിഞ്ഞവർക്കാണ് ഒരു നിമിഷംപോലും പാഴാക്കാതെ ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കുക.

നമുക്ക് ഒരുനിമിഷം നമ്മെത്തന്നെ ചിന്തിച്ചുനോക്കാം. ഒരു മനുഷ്യന്റെ ശരാശരി ജീവിതം എന്നത് തിരുവചനപ്രകാരം എഴുപതോ എൺപതോ ആണ്. അങ്ങനെയെങ്കിൽ ഒരാൾ 80 വർഷക്കാലം ജീവിച്ചാൽ എത്രദിവസം ജീവിച്ചിട്ടുണ്ടാകും? 80x365 = 29200. എൺപത് വർഷം എന്ന് ഓർത്തപ്പോൾ കുറെ ഉണ്ടെന്ന് കരുതിയവർ ദിവസങ്ങളുടെ P.M കണക്കാക്കിയപ്പോൾ വിഷമിക്കാൻ തുടങ്ങി. നമുക്കോരോരുത്തർക്കും നമ്മുടെ വയസ്സും. ഉദാ: 30 വയസ്സാണെങ്കിൽ 30x365= 10950. അവന് ബാക്കിയുള്ളത് 18250 ദിവസങ്ങൾമാത്രം. ബാക്കിയുള്ളതിൽ ഉറങ്ങുന്നതും ഭക്ഷണം കഴിക്കാനെടുക്കുന്ന സമയങ്ങളും ഒക്കെ നോക്കിയാൽ വളരെ നിസ്സാരമായ ദിനങ്ങൾ മാത്രമാണ് ഓരോരുത്തർക്കും ഉള്ളത്. ദൈവം നൽകിയ ദാനമായ ജീവിതം വെറുതെ പാഴാക്കാൻ ഉള്ളതല്ല. ദൈവത്തിനുവേണ്ടി ജീവിച്ചുതീർക്കാനുള്ളതാണ് എന്ന തിരിച്ചറിവിൽ ഈ പുതുവർഷത്തിലേക്ക് പ്രവേശിക്കാം.

കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ സമയം കടന്നുപോവുകയാണ്. ഓരോ വർഷവും തീരുമ്പോൾ ഒരു വലിയ സങ്കടത്തോടെ നാം പറയാറുണ്ട് കഴിഞ്ഞവർഷത്തെ പല തീരുമാനങ്ങളും പൂർത്തിയാക്കാൻ നമുക്കുസാധിച്ചില്ല എന്നും എന്തുപെട്ടെന്നാണ് ഒരുവർഷം കടന്നുപോയത് എന്നുമൊക്കെ. ആഘോഷങ്ങളിലും ആർഭാടങ്ങളിലും ഒക്കെ മതിമറന്ന് സ്വന്തം സുഖലോലുപത മാത്രം ലക്ഷ്യം വെച്ച് മുന്നേറുമ്പോൾ പുതുവർഷം വീണ്ടും നമ്മെ ഓർമ്മിപ്പിക്കുന്ന ഒന്നാണ് വീണ്ടും നിന്റെ ജീവിതം ക്രിസ്തുവിനുവേണ്ടി സമർപ്പിച്ച് ജീവിക്കുക. സമയം കളയാൻ മൊബൈൽ ഫോണുകളും സൈബർ കളികളും സമൂഹമാധ്യമങ്ങളും വിരൽത്തുമ്പിൽ ഉണ്ടാകുമ്പോൾ സമയം അമൂല്യമാണെന്ന കാര്യം മറക്കരുതേ. അത് നന്നായി വിനിയോഗിക്കുന്നവന് ഹൃദയം നിറഞ്ഞ് ചാരിതാർത്ഥ്യത്തോടെ പറയാൻ സാധിക്കും. "ഞാൻ നല്ല ഓട്ടം ഓടി എന്റെ ഓട്ടം ഞാൻ പൂർത്തിയാക്കി. ഇനി സർവ്വശക്തനായ ദൈവം എന്നെ നിത്യജീവന്റെ കിരീടം അണിയിക്കട്ടെ. ഈ ലോകജീവിതം എപ്രകാരം ജീവിച്ചു എന്നതിനെ ആസ്പദമാക്കിയാണ് ദൈവം നൽകുന്ന സമ്മാനമായ നിത്യജീവൻ നേടുമോ ഇല്ലയോ എന്നത്. കൂടുതൽ ക്രിയാത്മകമായി സമയം ചിലവഴിക്കാനും ദൈവികകൃപ സ്വീകരിച്ച് ദൈവത്തോട് വിശ്വസ്തയോടെ ജീവിക്കാനും നമുക്കിടയാകട്ടെ.

# വചനവിചിന്തനം

**ജിപ്സി റാഫി, സെന്റ് തോമസ് യൂണിറ്റ്**

സത്യം സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, നിങ്ങൾ കരയുകയും വില പിക്കുകയും ചെയ്യും. എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും എന്നാൽ നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും (യോഹ 16:20).

ഏറ്റവും പ്രതീക്ഷ നൽകുന്ന വചനമാണിത്. നമ്മുടെ ദുഃഖം സന്തോഷമായി മാറും എന്നതിന് കാരണം നാം കർത്താവിനെ കാണും എന്നുള്ളതാണ്. (യോഹ 16:22). നിലനിൽക്കുന്ന സന്തോഷം അവനിൽ നിന്നു മാത്രമേ ഉത്ഭവിക്കുകയുള്ളൂ.

നാം അനുഭവിക്കുന്ന സന്തോഷങ്ങളിൽ ക്രിസ്തുവിന്റെ സ്ഥാനം എന്താണ്?

ക്രിസ്തു നൽകുന്ന സന്തോഷമാണോ നാം അന്വേഷിക്കുന്നതും പങ്കുവെക്കു ന്നതും?

ക്രിസ്തു നൽകുന്ന സന്തോഷത്തിലേക്ക് കുടുംബാംഗങ്ങളെ സമൂഹാംഗങ്ങളെ ഇടവ കജനത്തെ നയിക്കാൻ എനിക്ക് സാധിക്കുന്നുണ്ടോ. ക്രിസ്തു നൽകുന്ന സന്തോഷം അനുഭവിക്കുന്നതിൽ നിന്ന് ഞാൻ ആരെയെങ്കിലും തടയുന്നുണ്ടോ?

---



# ഹൃദയം നല്ലതെന്ന് എങ്ങനെ അറിയാം

**മരിയ ബ്രൂസ്,**

**സെന്റ് തോമസ് യൂണിറ്റ്**

നമ്മുടെ ഹൃദയങ്ങൾ മരങ്ങളാണ്. നമ്മുടെ സ്നേഹവികാരങ്ങളും തീവ്രവികാര ങ്ങളും അവയുടെ ശിഖരങ്ങളാണ് നമ്മുടെ ജോലികളും പ്രവർത്തനങ്ങളും അവ യുടെ ഫലങ്ങളാണ്. ഇവ തമ്മിൽ നല്ല ഫലങ്ങളും പ്രവൃത്തികളും ഉല്പാദിപ്പിക്കുക യാണെങ്കിൽ ഈ സ്നേഹവികാരങ്ങളും തീവ്രവികാരങ്ങളും ഉളവാക്കുന്ന ഹൃദയം നല്ലതാണ്. നമ്മുടെ അയൽക്കാരുടെ നേരെ കൂടുതൽ എളിയവരും ക്ഷമാശീലരും ഇണങ്ങിച്ചേരുന്നവരും ഉപവിയുള്ളവരും കരുണയുള്ളവരുമാക്കിത്തീർക്കുന്ന ഹൃദയം നല്ലതാണ്. അങ്ങനെയുള്ള ഹൃദയത്തിന്റെ ഉടമകൾ സ്വർത്ഥാഭിലാഷങ്ങളെയും ചീത്ത ചായ്‌വുകളെയും പരിത്യജിക്കും. അവർ കീഴ്‌വഴക്കത്തോടും ലാളിത്യത്തോടും കൂടെ ജീവിക്കാൻ ശ്രമിക്കും. എന്നാൽ അയൽക്കാരുടെ നേരെ ജിജ്ഞാസാഭ രിതരും, ബഹളം കൂട്ടുന്നവരും അക്ഷമരും, മർക്കടമുഷ്ടിയുള്ളവരും അഹങ്കാ രികളും ഗർവ്വിഷ്ഠരും കർക്കശക്കാരുമെങ്കിൽ അവരുടെ ഹൃദയം ശരിയായിട്ടല്ല പ്രവർത്തിക്കുന്നത്. അങ്ങനെയുള്ളവർ ഇപ്പോൾത്തന്നെ ചെറിയ വിശുദ്ധരെന്ന് ഭാവിച്ചേക്കാം.നയിക്കപ്പെടുന്നതിനോ തിരുത്തപ്പെടുന്നതിനോ ഇഷ്ടപ്പെട്ടെന്നും വരില്ല. അവരെ ചുറ്റിപ്പറ്റി നിൽക്കുന്നത് ഹാനികരമായ ആശ്വാസങ്ങളാണ്. കാരണം നല്ല വൃക്ഷമെങ്കിൽ അത് പുറപ്പെടുവിക്കുന്നത് നല്ല ഫലങ്ങളായിരിക്കും (മത്താ 7:17 - 18). ഫലത്തിൽ നിന്നാണല്ലോ വൃക്ഷത്തെ നാം തിരിച്ചറിയുന്നത്.

# മനുഷ്യന്റെ കണ്ണിലെ കുറവുകൾ

**ലൂസി ജോയ് സെന്റ് സേവിയേഴ്സ് യൂണിറ്റ്**

അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. അവർക്ക് മക്കളുണ്ടായിരുന്നില്ല. എലിസബത്ത് വന്ധ്യയായിരുന്നു. ഇരുവരും പ്രായം കവിഞ്ഞവരുമായിരുന്നു. (ലൂക്കാ 1:6-7).

മനുഷ്യരുടെ മുൻപിൽ എലിസബത്തും സക്കറിയായും കുറവുകൾ ഉള്ളവരായിരുന്നു, എന്നാൽ ദൈവത്തിന്റെ മുൻപിൽ അവർ നീതിമാൻമാരും അനുസരണയുള്ളവരുമായിരുന്നു. നാമോരോരുത്തരും മനുഷ്യരുടെ മുൻപിൽ കുറവുകൾ ഉള്ളവരായിരിക്കാം. ദൈവത്തിന്റെ മുൻപിൽ കുറവില്ലാത്തവരാകുക എന്നുള്ളതാണ് പ്രധാനം.

മനുഷ്യന്റെ കണ്ണുകളിലെ കുറവുകൾ ദൈവത്തിന്റെ കണ്ണിലെ കുറവുകളല്ല ബാധ്യതകളാണ്. എലിസബത്തിന് നേരത്തെ തന്നെ മക്കളെ നൽകുവാൻ ദൈവത്തിനു കഴിയുമായിരുന്നു. പക്ഷെ, അവനൊരിക്കലും സ്നാപകയോഹന്നാൻ ആവുകയില്ലായിരുന്നു. കാത്തിരിക്കുന്നതും പ്രാർത്ഥിക്കുന്നതും പ്രത്യാശയുള്ളവരാണ്. പ്രത്യാശയുത്ഭവിക്കുന്നത് വിശ്വാസത്തിൽനിന്നാണ്. വിശ്വാസം ദൈവീകമാണ്. കാത്തിരിക്കുന്നവർ ദൈവത്തോടൊപ്പമാണ് കാത്തിരിക്കുന്നത്.

---

# നീതി, കാരുണ്യം, വിശ്വസ്തത

ബൈബിളിൽ പല തവണ ആവർത്തിക്കുന്ന മൂന്നു വാക്കുകളാണിവ. ദൈവനീതി മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമാണ്. ഒരു മണിക്കൂർ മാത്രം ജോലി ചെയ്തവനും ഒരു ദിവസത്തെ വേതനം കൊടുക്കുന്ന നീതി.

നിങ്ങളുടെ നീതി വിജാതീയരുടെ നീതിയെ അതിലംഘിക്കണമെന്ന് ആവശ്യപ്പെടുന്ന യേശു.

കല്ലെറിഞ്ഞു കൊല്ലപ്പെടാൻ നിയമത്താൽ യോഗ്യത നേടിയവളെ സ്വതന്ത്രയാക്കുന്ന നീതി.

നഷ്ടപ്പെട്ടത് ഒന്നേ ഉള്ളൂവെങ്കിലും 99 നെയും വിട്ട് വഴിതെറ്റിപ്പോയതിന്റെ പുറകെ പോകുന്ന നീതി.

നീതി ജലം പോലെ ഒഴുകട്ടെ എന്ന് നാം വായിച്ചിട്ടുണ്ട്. എന്നാൽ ശരിയായ വിവർത്തനം നീതി ജലപ്രവാഹം പോലെ ഒഴുകട്ടെ എന്നാണെന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു.

പറയാൻ എളുപ്പമാണ്. പ്രായോഗികമാക്കിയാൽ സ്വർഗ്ഗ രാജ്യാനുഭവം സ്വന്തമാക്കാം.

**അഡ്വ. ജോസ് ഡേവിസ്, ലിറ്റിൽ ഫ്ളവർ യൂണിറ്റ്**

# വിശുദ്ധ ഡോൺ ബോസ്കോ - യുവജനങ്ങളുടെ സ്നേഹിതൻ



സത്യസന്ധനും സന്തോഷവാനും ധീരനുമായ ഒരു നേതാവിനെ കണ്ടെത്താനും അനുകരിക്കാനുമാണ് യുവജനങ്ങൾ ആഗ്രഹിക്കുന്നത്. യുവജനങ്ങൾക്ക് അനുകരിക്കാനുള്ള ഒരു ഉത്തമമാതൃകയാണ് വി. ഡോൺബോസ്കോ ഇറ്റലിയിലെ ബെക്കി എന്ന ഗ്രാമത്തിൽ 1815ൽ ഒരു സാധാരണ കുടുംബത്തിലാണ് ജോൺ ബോസ്കോ ജനിച്ചത്. ബാല്യകാലം കടുത്ത ദാരിദ്ര്യത്തിലൂടെയാണ് കടന്നുപോയത്. ജോണിന് രണ്ട് വയസ്സുള്ളപ്പോൾ പിതാവ് ഫ്രാൻസിസ് ബോസ്കോ ന്യൂമോണിയ ബാധിച്ചുമരിച്ചു. അമ്മയായ മാർഗരറ്റിന് വിദ്യാഭ്യാസം കുറവായിരുന്നെങ്കിലും ആഴമായ വിശ്വാസവും ദൃഢമായ ദൈവാശ്രയ ബോധവുമുണ്ടായിരുന്നു. അവർ എപ്പോഴും മക്കളെ ഓർമ്മിപ്പിച്ചിരുന്ന ഒരു കാര്യമായിരുന്നു "ദൈവം നിങ്ങളെ എല്ലായ്പ്പോഴും കാണുന്നു. ഞാൻ കാണാത്തപ്പോഴും ദൈവം നിങ്ങളെ കാണുന്നു. ഞാൻ എപ്പോഴും നിങ്ങളുടെ അരികിൽ ഉണ്ടായെന്നുവരില്ല. പക്ഷേ ദൈവം എപ്പോഴും നിങ്ങളുടെ കൂടെയുണ്ട്."

ബാല്യകാലത്തുതന്നെ അവന് സ്വപ്നങ്ങളിലൂടെ അനേകം കാര്യങ്ങൾ വെളിപ്പെട്ടുകിട്ടുമായിരുന്നു. അമ്മ അത് വ്യാഖ്യാനിച്ചുകൊടുത്തിരുന്നു. അനേകരെ ഈശോയിലേക്ക് അടുപ്പിക്കാനുള്ള ഒരു നല്ല വൈദീകനാകുക എന്നതാണ് ഡോണിന്റെ ദൈവവിളി എന്ന് അമ്മയ്ക്കു മനസ്സിലായി. പ്രതികൂല സാഹചര്യങ്ങളോടും പടപൊരുതി 1841ൽ ഡോൺ ബോസ്കോ ഒരു അഭിഷിക്തനായി. "അടികൊണ്ടോ, വടികൊണ്ടോ അല്ല, സ്നേഹിച്ച് വശീകരിച്ച് വന്യമൃഗങ്ങളെപ്പോലെയുള്ളവരെ കുഞ്ഞാടുകളെപ്പോലെയാക്കാനുള്ള ദൗത്യമാണ്" ദൈവം അവന് നൽകിയിട്ടുള്ളത് എന്ന് ആ നല്ല അമ്മ മകന് ബോധ്യമാക്കി കൊടുത്തു.

തെരുവിൽ അലഞ്ഞിരുന്ന യുവജനങ്ങൾക്ക് ആദ്ധ്യാത്മിക ഉണർവ്വും ഉപജീവനമാർഗ്ഗവും നൽകി ഉത്തമക്രിസ്ത്യാനികളും സമൂഹത്തിൽ ഉത്തമപൗരന്മാരുമായി ജീവിക്കാൻ അദ്ദേഹം ഓററ്ററികൾ (പ്രാർത്ഥിക്കാനും പ്രവർത്തിക്കാനും ഉള്ള സ്ഥലം) സ്ഥാപിച്ചിരുന്നു. യുവജനങ്ങളെ ദൈവഭയം ഉള്ളവരും ആത്മാർത്ഥതയുള്ളവരുമായി തീർക്കുക എന്നത് അദ്ദേഹത്തിന്റെ ആഗ്രഹമായിരുന്നു. ജാതിമതവ്യത്യാസം നോക്കാതെ അക്ഷരവെളിച്ചം പകർന്നുനൽകാനായി ഉദ്യമിച്ചു. "പാപത്തിന്റെ വൈരൂപ്യവും നന്മയുടെ മനോഹാരിതയും ചെറുപ്പത്തിലെ തന്നെ കുഞ്ഞുങ്ങളെ പഠിപ്പിക്കുക, എങ്കിലേ നന്മ സംതൃപ്തിയും തിന്മ അസംതൃപ്തിയും നൽകുമെന്ന് അവർ മനസ്സിലാക്കൂ" എന്ന് അദ്ദേഹം പറയുമായിരുന്നു.

ജീവിത വിശുദ്ധി യുവജനങ്ങൾക്ക് പ്രാപ്യമാണെന്ന് അവരെ ബോധ്യപ്പെടുത്തി. അനു

# THARAKAN

## ELECTRICALS & PLUMBING SYSTEM





WE CARE ABOUT YOUR HOME

## OUR SERVICE

> Electrical
> Plumbing
> Drainage
> Tail work
> Water Proofing
> Core Cutting
> Aluminium Fabrication
> Budjet-Friendly Bathroom Packages

**ALL KINDS OF MAINTENANCE WORKS DONE AT YOUR DOOR STEPS**

CONTACT
Tony Tharakan
9447728883

tharakan.ele@gmail.com

# 1-ാം ചരമവാർഷികം

23.01.2025



## തേറാട്ടിൽ കുരിയൻ ഫ്രാൻസിസ് ഭാര്യ

# എൽസി

ജനനം : 30.10.1947 മരണം : 23.01.2024

പ്രാർത്ഥനാപൂർവ്വം

ഭർത്താവ് കെ.ജെ. ഫ്രാൻസിസ്,
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ

സെന്റ് ജോസഫ് കുടുംബകൂട്ടായ്മ

# വേർപാടിന്റെ 13-ാം വർഷം

25.01.2025



## മാമ്പറമ്പിൽ ലാസർ മകൻ
# ജോസഫ്

ജനനം : 07-08-1956 മരണം : 25-01-2012

സ്നേഹസ്മരണകളോടെ..

ഭാര്യ : ഡാളി

മക്കൾ : ലിജോ ജോസഫ്, മിനു സുബിൻ & സുബിൻ

പേരക്കുട്ടികൾ : ജോഹാൻ ഫെർണാണ്ടോ, ജെറാൾഡ് ഇവാൻജെലോ

സെന്റ് ജോൺസ് യൂണിറ്റ്


സ്നേഹസ്മരണ
30-ാം ചരമവാർഷികം
17-ാം ചരമവാർഷികം
ആലപ്പാട്ട് മാടാനി അഗസ്തി മകൻ
റപ്പായി
ജനനം : 26.07.1922
മരണം : 27.01.1995
ആലപ്പാട്ട് മാടാനി റപ്പായി ഭാര്യ
കുഞ്ഞിലകുട്ടി
ജനനം : 14.04.1932
മരണം : 21.01.2008

ദിനജീവിതത്തിലെ ബുദ്ധിമുട്ടുകളെയും വേദനകളെയും സന്തോഷപൂർവ്വം പ്രസന്നത യോടെ അഭിമുഖീകരിക്കുക ഇതായിരുന്നു വിശുദ്ധിയിലേക്കുള്ള വഴിയായി യുവജന ങ്ങളോട് നിർദ്ദേശിച്ചത്.

യുവജനങ്ങൾ ശുദ്ധതയിൽ വളരുന്നതിനും പ്രലോഭനങ്ങളെ അതിജീവിക്കുന്നതിന് ക്രിസ്ത്യാനികളുടെ സഹായമായ മറിയത്തിന്റെ മാദ്ധ്യസ്ഥം തേടണം. കൂടാതെ ജീവിത ത്തിലെ വെല്ലുവിളികളെയും പ്രലോഭനങ്ങളെയും അതിജീവിക്കാൻ വി. കുർബാനയും വി. കുമ്പസാരവും ശക്തിപകരുമെന്ന് അദ്ദേഹം യുവജനങ്ങളെ ഓർമ്മപ്പെടുത്തി. വി ശുദ്ധിയിൽ വളരുന്നതിനും നിലനിൽക്കുന്നതിനും നന്നായി ഒരുങ്ങിവേണം കൂദാശകൾ സ്വീകരിക്കാൻ. 1854ൽ സലേഷ്യൻ സഭ സ്ഥാപിച്ചത് ഡോൺ ബോസ്കോയാണ്. ജനു വരി 31ന് തിരുനാൾ ആചരിക്കുന്ന വി. ഡോൺ ബോസ്കോയോട് വിശുദ്ധിയുള്ള ജീവി തം നയിക്കാനുള്ള കൃപക്കായി പ്രാർത്ഥിക്കാം.

- ഷീല ആന്റണി
സെ. ആന്റണീസ് യൂണിറ്റ്

---

# വിൻസെന്റ് ഡി പോൾ വാർത്തകൾ



സെന്റ് അൽഫോൺസ വനിത കോൺഫെറൻസ് ഡിസംബർ 20-ാം തിയ്യതി ക്രിസ്തുമസ് ആഘോഷം നടത്തി. കോൺഫ്രെൻസ് പ്രസിഡന്റ് ത്രേസ്യാമ്മ ജേക്കബ്ബ് സ്വാഗതം ചെയ്തു. ആദ്ധ്യാത്മിക ഉപദേഷ്ടാവും വികാരിയുമായ റവ. ഫാ. വർഗ്ഗീസ് എടക്കളത്തൂർ, സ്നേഹത്തിന്റെ മധുരമായി കേക്ക് മുറിച്ച് ആഘോഷങ്ങൾക്കു തുടക്കം കുറിച്ചു, തുടർന്ന് ക്രിസ്തുമസ് സന്ദേശം നൽകി. വിശുദ്ധ കുർബ്ബാനയെ പറ്റി വിശദീകരിച്ചു.

കോൺഫറൻസ് അംഗങ്ങൾ കരോൾ ഗാനം ആലപിച്ചു. സ്നേഹവിരുന്നിൽ പങ്കെടുത്ത എല്ലാവരും വിവിധ ക്രിസ്തീയ ഗാനങ്ങൾ പാടുകയും തുടർന്ന് മത്സരങ്ങൾ നടത്തുകയും സമ്മാനദാനം നടത്തുകയും ചെയ്തു. ദത്തു കുടുംബങ്ങൾക്ക് ക്രിസ്തുമസ്സായി ബന്ധപ്പെട്ട് സഹായങ്ങൾ നൽകി. കോൺഫറൻസ് അംഗങ്ങൾ, ടൈലറിംഗ് യൂണിറ്റ് അംഗങ്ങൾ, ദത്തു കുടുംബങ്ങൾ ഉൾപ്പെടെ മുപ്പതോളം പേർ പങ്കെടുത്തു. നന്ദി പ്രകടനത്തോടെ ആഘോഷങ്ങൾ പര്യവസാനിച്ചു.

**സെക്രട്ടറി, ബിന്നി പോൾ**

ബാലപംക്തി

# പുതുവർഷം ഈശോയ്ക്ക്

**വിൻസെന്റ് കെ.ജെ., സെന്റ് മേരീസ് യൂണിറ്റ്**

വത്തിക്കാനിൽ മാർപാപ്പയുടെ പല്ലക്ക് ചുമക്കുവാൻ യുവാക്കന്മാരെ ആവശ്യമുണ്ട് എന്ന വാർത്ത അറിഞ്ഞ് ജോലിയൊന്നും ഇല്ലാതിരുന്ന ഒരു ചെറുപ്പക്കാരൻ വിൻസെന്റ് പള്ളോട്ടി എന്ന വൈദികന്റെ അടുത്തുചെന്നു. വത്തിക്കാനിൽ മാർപാപ്പയുടെ പല്ലക്ക് ചുമക്കുവാൻ തനിക്ക് ആഗ്രഹമുണ്ടെന്നും അതിന് വിൻസെന്റ് പള്ളോട്ടി അച്ചൻ തനിക്കുവേണ്ടി ശുപാർശ ചെയ്യണമെന്നും ആവശ്യപ്പെട്ടു. അയാളുടെ ആഗ്രഹം കണ്ട് അച്ചൻ ഒരു ശുപാർശക്കത്തും കൊടുത്ത് ഇന്റർവ്യുവിന് പറഞ്ഞയച്ചു. അയാൾക്ക് വളരെ സന്തോഷമായി. എന്നാൽ ഇന്റർവ്യൂവിൽ ദയനീയമായി പരാജയപ്പെട്ടു. ജോലി കിട്ടിയില്ല. നിരാശനും ദുഃഖിതനുമായി അയാൾ വിൻസെന്റ് പള്ളോട്ടി അച്ചനെ സമീപിച്ചു. തന്റെ അടുത്തുവന്ന അവനോട് ആത്മാവിൽ പ്രചോദിതനായി അച്ചൻ പറഞ്ഞു; "നീ എന്തിനീ പല്ലക്ക് ചുമക്കാൻ പോകുന്നു. നിനക്കൊരു വൈദികനായിക്കൂടെ? കർത്താവിനെ ചുമക്കാമല്ലോ." അച്ചന്റെ വാക്കുകൾ ശക്തമായ ഉൾവിളിപോലെ അവനെ സ്പർശിച്ചു. അവൻ അതിനെക്കുറിച്ച് ചിന്തിച്ചു. അവസാനം സെമിനാരിയിൽ ചേർന്നു വൈദികനായി. ദൈവത്തോടുള്ള ആഴമായ സ്നേഹവും വിശ്വസ്തതയും അനേകരെ ദൈവത്തിലേക്ക് അടുപ്പിക്കുവാൻ ആ വൈദികൻ ഏറെ പ്രയത്നിച്ചു. ഏതാനും വർഷങ്ങൾ കഴിഞ്ഞപ്പോൾ ആ വൈദികന് ബൊളോഞ്ഞയിലെ മെത്രാനായി 32 വർഷങ്ങൾക്കുശേഷം 9-ാം പിയൂസ് മാർപാപ്പയായി. മാർപാപ്പയുടെ പല്ലക്ക് ചുമക്കാൻ ആഗ്രഹിച്ചവൻ മാർപാപ്പയായി. ദൈവത്തിന്റെ വഴികൾ എത്ര അഗ്രാഹ്യം! മനുഷ്യൻ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു. കർത്താവാകട്ടെ ഹൃദയഭാവത്തിലും (1 സാമുവേൽ 16:7).

ജീവിതത്തിൽ നിരാശയും ദുഃഖങ്ങളും കടന്നുവന്നേക്കാം. എങ്കിലും ദൈവത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവരുടെ ജീവിതത്തിൽ അത്ഭുതങ്ങളും രോഗശാന്തികളും കരകവിഞ്ഞൊഴുകുന്നു നിങ്ങളെത്തന്നെ ശുദ്ധീകരിക്കുവിൻ. നാളെ നിങ്ങളുടെ ഇടയിൽ കർത്താവ് അത്ഭുതങ്ങൾ പ്രവർത്തിക്കും (ജോഷ്വാ 3:5).

കഴിഞ്ഞ വർഷത്തിൽ പലരും ഉദ്ദേശിച്ച കാര്യങ്ങൾ ചെയ്യാതെ സമയം നഷ്ടപ്പെടുത്തിയിട്ടുണ്ടാകാം. അതുപോലെ ചെയ്യരുതെന്നു വിചാരിച്ചിരുന്ന പല കാര്യങ്ങളും ചെയ്തുപോയിട്ടുണ്ടാകാം. നന്മയായിട്ടുള്ളവ ചെയ്യണമെന്നും നല്ലവരായിത്തീരണമെന്നും അഗ്രഹിക്കുന്നവരാണ് നാമെല്ലാവരും എന്നാൽ നമ്മുടെ നന്മ പ്രവൃത്തികൾ നാളെയാകട്ടെ എന്ന ചിന്തയോടെയല്ലേ വർഷത്തിലെ പല ദിവസങ്ങളും നാം ചെലവഴിച്ചത്?

പ്രിയ കൂട്ടുകാരെ, പല കാര്യങ്ങളും നാളെയിലേക്ക് മാറ്റിവെയ്ക്കാനാണ് നമ്മുടെ ശ്രമം. അതുകൊണ്ടാണ് പലരുടെയും ജീവിതത്തിൽ പുരോഗതി കാണാത്തത്?

നമ്മുടെ സമയം വ്യർത്ഥകാര്യങ്ങൾക്കായി നഷ്ടപ്പെടുത്തിക്കൂടാ. ദൈവം ദാനമായി നമുക്കു നല്കിയിരിക്കുന്ന സമയം ശരിയായി വിനിയോഗിക്കുക. തീർച്ചയായും ഫലം കാണും. ദൈവത്തിന്റെ അനുഗ്രഹത്തിനായി നമുക്കു പ്രാർത്ഥിക്കാം, പ്രവർത്തിക്കാം. ആമ്മേൻ.

**പുതുമ നിറഞ്ഞതാവട്ടെ പുതുവർഷം... പ്രശോഭ നിറഞ്ഞ കഠിനാധ്വാന സന്നദ്ധമായ തോൽവിക്കിടം കൊടുക്കാത്ത ഉത്സാഹപ്രഹർഷിതമായതും ഉണ്ണിയേശുവിന്റെ സഹവാസത്തിലും പുതുമ നിറഞ്ഞതാവട്ടെ നമ്മുടെ 2025 ചിന്തകൾ... പുതുവത്സരാശംസകൾ ഏവർക്കും നേരുന്നു.**

**പത്രാധിപസമിതി**

# പാരിഷ് ബുള്ളറ്റിൻ വാർത്തകൾ

മരിയനാദം പാരീഷ് ബുള്ളറ്റിൻ കമ്മിറ്റിയുടെയും കേന്ദ്രസമിതിയുടെയും ആഭിമുഖ്യത്തിൽ 08-12-2024 ന് സാഹിത്യ മത്സരങ്ങൾ നടത്തുകയുണ്ടായി. Std VIII to Std XII, Age 18-30, 31-50, Above 50 (Age Group) എന്നീ തലങ്ങളിലാണ് മത്സരം നടന്നത്. 90 പേർ മത്സരത്തിൽ പങ്കെടുത്തു.

# ഉപകാരസ്മരണ



## ഒരു വിശ്വാസി
## സെന്റ് തോമസ് യൂണിറ്റ്



# തേനീച്ചകളുടെ അറിവ്

**ബെറ്റി ബാജു, സെന്റ് തോമസ് യൂണിറ്റ്**

തേനീച്ചകൾ കടന്നൽകൂട്ടത്തെ കണ്ടാൽ കടന്നൽ കൂട്ടത്തിൽനിന്ന് ഒഴിഞ്ഞുമാറി സ്വന്തം അറയ്ക്കുള്ളിൽ നിന്ന് പുറത്ത് കടക്കാതെ സുരക്ഷിതമായി വസിക്കുന്നു. കാരണം കടന്നൽക്കൂട്ടം തേനീച്ചകളെ കണ്ടാൽ തേനീച്ചകളെ നശിപ്പിക്കും. നമുക്ക് നേരെ നമ്മെ നശിപ്പിക്കാൻ വരുന്ന പാപകടന്നലുകളിൽ നിന്ന് രക്ഷപ്പെടാൻ ബോധപൂർവ്വം യേശുവിൽ സുരക്ഷിതമായി വസിക്കണം. കൃപ നഷ്ടപ്പെടുത്തുന്ന മൊബൈൽ ഗെയിമുകൾ... ചാറ്റിംഗ്..കൃപ നഷ്ടപ്പെടുത്തുന്ന ടി.വി. സിനിമ പ്രോഗ്രാമുകൾ, കൂട്ടുകാർ, പ്രേമബന്ധങ്ങൾ ലഹരി വസ്തുക്കൾ എന്നിങ്ങനെ പലവിധത്തിലുള്ള കടന്നൽ കൂട്ടങ്ങൾ നമ്മെ ആക്രമിച്ച് നശിപ്പിക്കാൻ സാധ്യതയുണ്ടെന്നറിഞ്ഞാൽ യേശുവാകുന്ന അറയ്ക്കുള്ളിൽ പ്രാർത്ഥനാപൂർവ്വം അഭയം പ്രാപിക്കുക.

തേൻ ശേഖരിക്കാൻ ഒരു പൂവിൽനിന്ന് മറ്റൊരു പൂവിലേക്ക് തേനീച്ചകൾ പറക്കുമ്പോൾ ചിലപ്പോൾ അതിശക്തമായ കാറ്റടിക്കുമ്പോൾ തേനീച്ചകൾ ആ കാറ്റിൽ നശിക്കാതിരിക്കാൻ പാറയിൽ കടിച്ചുപിടിച്ചിരിക്കുന്നു. നമുക്ക് നേരെ പലതരത്തിലുള്ള പാപത്തിന്റെയും സഹനത്തിന്റെയും പ്രലോഭനത്തിന്റെയും കാറ്റടിക്കുമ്പോൾ യേശുവാകുന്ന പാറയിൽ പൂർണ്ണമായും അഭയം പ്രാപിക്കുക.

തേനീച്ചകൾ എപ്പോഴും ശുദ്ധമായ സ്ഥലത്ത് വസിക്കുന്നു. ശുദ്ധമായത് സ്വീകരിക്കുന്നു. ശുദ്ധമായ സ്ഥലത്ത് വസിക്കുക, നല്ലത് കാണുക, നല്ലത് കേൾക്കുക, നല്ലത് പറയുക, നല്ലത് നൽകുക, നല്ല കൂട്ടുകൂടുക. ഈച്ചകൾ ചേറിലും ചോറിലും ചീത്ത പഴത്തിലും നല്ല പഴത്തിലും ശരീരത്തിലും പൂവിലും വന്നിരിക്കുന്നു. ഈച്ചയ്ക്ക് എല്ലാ സ്ഥലവും ഒരുപോലെയാണ്.

ഈച്ചയെപ്പോലെ എല്ലായിടത്തും പറന്നു നടക്കരുത്. തേനിച്ചയെപ്പോലെ നല്ല സ്ഥലത്ത് മാത്രം വസിക്കുക. നല്ല ചിന്തകളുമായി കൂട്ടുകൂടുക. നല്ല പുസ്തകങ്ങൾ വായിക്കുക മറ്റുള്ളവർക്ക് നല്ലത് മാത്രം നൽകുക.

തേനീച്ചകൾ തങ്ങളുടെ റാണിക്കുവേണ്ടിയാണ് അദ്ധ്വാനിക്കുന്നത്. തേനീച്ചകൾ പൂവിൽനിന്ന് തേൻ നുകരുമ്പോൾ പൂവിനുകേട് വരുത്തുന്നില്ല. പൂവിന് ഉപദ്രവം ചെയ്യുന്നില്ല. ശല്യം ചെയ്യുന്നില്ല. നാം ഈശോയ്ക്കുവേണ്ടി ഈശോയ്ക്കൊപ്പം അദ്ധ്വാനിക്കണം. ആർക്കും ഉപദ്രവം ചെയ്യരുത്. ആർക്കും ശല്യമാകരുത്.

തേനീച്ചകൾ തേൻ നൽകുന്നു. മെഴുകുനൽകുന്നു. എന്നാൽ തേൻ നൽകാൻ തേനീച്ചകൾ കയ്പേറിയ പൂമ്പൊടി കഴിക്കേണ്ടിവരുന്നു. നമുക്ക് കയ്പേറിയ ജീവിതാനുഭവങ്ങൾ ഉണ്ടാകുമ്പോൾ അതിനെ ക്ഷമയോടെ സ്വീകരിച്ച് അതിനെ മധുരമുള്ളതായി മാറ്റാൻ കഴിയണം. നാം കയ്പ്പുകഴിച്ചാലും ആർക്കും കയ്പുകൊടുക്കാതെ തേൻ നൽകുന്നവരാകണം. നാം ഏറെ ദ്രോഹങ്ങൾ സഹിക്കേണ്ടിവന്നാലും മറ്റുള്ളവരെ സഹായിക്കുന്നവരും സ്നേഹിതനുമായി മാറണം.




## ലൂക്കാ 23, 24

1. ആഴ്ചയുടെ ആദ്യദിവസം അതിരാവിലെ കല്ലറയുടെ അടുത്തേക്ക് സുഗന്ധദ്രവ്യങ്ങളുമായി പോയതാര്?
2. യേശുവിന്റെ കല്ലറയിൽ നിന്ന് കല്ല് ഉരുട്ടി മാറ്റിയിരിക്കുന്നത് ആദ്യം കണ്ടതാര്?
3. യേശുവിന്റെ കല്ലറയിലെത്തിയ സ്ത്രീകൾക്ക് മുൻപിൽ പ്രത്യക്ഷപ്പെട്ടതാര്?
4. ഗലീലിയിൽ ആയിരുന്നപ്പോൾ തന്റെ പീഢാസഹനത്തെക്കുറിച്ച് ഈശോയെന്താണ് പറഞ്ഞത്?
5. യേശു ഉയിർത്തെഴുന്നേറ്റു എന്നത് കല്ലറയിൽനിന്നും തിരിച്ചെത്തിയ സ്ത്രീകൾ ആരെയൊക്കെ അറിയിച്ചു?
6. കല്ലറയിൽനിന്നും മടങ്ങിയ സ്ത്രീകളിൽ ആരുടെയെല്ലാം പേരാണ് വചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്?
7. യേശു ഉയിർത്തെഴുന്നേറ്റു എന്ന് സ്ത്രീകൾ പറഞ്ഞ വാക്കുകൾ അവർക്ക് കെട്ടുകഥപോലെ തോന്നിയുള്ളൂ. ആർക്ക്?
8. സ്ത്രീകൾ പറഞ്ഞ വാക്ക് കേട്ട് കല്ലറയിലേക്ക് ഓടിയത് ആര്?
9. കല്ലറയിലെത്തിയ പത്രോസ് അകത്തേക്ക് കുനിഞ്ഞു നോക്കിയപ്പോൾ എന്താണ് കണ്ടത്?
10. കല്ലറയിൽ നിന്നും പത്രോസ് എങ്ങനെയാണ് തിരിച്ച് പോയത്?
11. ജറുസലെമിൽനിന്ന് എമ്മാവൂസിലേക്ക് എത്ര ദൂരം ഉണ്ട്?
12. എത്ര ശിഷ്യന്മാരാണ് എമ്മാവൂസിലേക്ക് പോയത്?
13. എമ്മാവൂസിലേക്ക് ശിഷ്യന്മാർ എന്നാണ് പോയത്?
14. അറുപത് സ്താദിയോൺ എന്നു പറഞ്ഞാൽ ഏകദേശം എത്ര കിലോമീറ്ററാണ്?
15. വഴിയിൽ എന്ത് ചെയ്താണ് എമ്മാവൂസിലേക്ക് ശിഷ്യർ പോയത്?

16. എമ്മാവൂസിലേക്ക് പോയ ശിഷ്യർ എന്തിനെക്കുറിച്ചാണ് സംസാരിക്കുകയും വാദിക്കുകയും ചെയ്തത്?
17. എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തത് ആര്?
18. യേശുവിനെ തിരിച്ചറിയാത്തവിധം എമ്മാവൂസിലേക്ക് പോയവരുടെ കണ്ണുകൾക്ക് എന്ത് സംഭവിച്ചു?
19. എപ്പോഴാണ് യേശു എമ്മാവൂസിലേക്ക് പോയ ശിഷ്യന്മാരുടെ അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തത്?
20. എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ അടുത്തെത്തി എന്താണ് യേശു ചോദിച്ചത്?
21. എമ്മാവൂസിലേക്ക് പോയതിൽ ഏത് ശിഷ്യന്റെ പേരാണ് വി.ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്?
22. എന്തിനെക്കുറിച്ചാണ് നിങ്ങൾ സംസാരിക്കുന്നതെന്ന ഈശോയുടെ ചോദ്യത്തിന് മുന്നിൽ ശിഷ്യർ എന്ത് ചെയ്തു?
23. ക്ലെയോപ്പാസ് യേശുവിനോട് എന്താണ് ചോദിച്ചത്?
24. ദൈവത്തിന്റെയും മനുഷ്യരുടേയും മുമ്പിൽ വാക്കിലും പ്രവൃത്തിയിലും ശക്തനായ പ്രവാചകൻ ആരായിരുന്നു?
25. ആരാണ് യേശുവിനെ മരണശിക്ഷയ്ക്ക് ഏൽപിച്ച് കൊടുക്കുകയും ക്രൂശിക്കുകയും ചെയ്തത്?

## കഴിഞ്ഞമാസത്തെ ശരിയുത്തരങ്ങൾ

1. പെസഹ
2. ജനക്കൂട്ടമില്ലാത്തപ്പോൾ
3. പത്രോസിനേയും യോഹന്നാനെയും
4. സാത്താൻ
5. ഗോതമ്പുപോലെ
6. വിശ്വാസം ക്ഷയിക്കാതിരിക്കാൻ
7. ഏശയ്യ 53:12
8. ഒരു കല്ലേറുദൂരം
9. ഒരു ദൂതൻ

10. വ്യസനം നിമിത്തം
11. യൂദാസേ ചുംബനം കൊണ്ടാണോ മനുഷ്യപുത്രനെ ഒറ്റിക്കൊടുക്കുന്നത്
12. പ്രധാനാചാര്യന്റെ വീട്ടിലേക്ക്
13. പത്രോസ്
14. അവൻ പുറത്തുപോയി മനംനൊന്ത് കരഞ്ഞു.
15. യേശുവിന് കാവൽ നിന്നിരുന്നവർ
16. പീലാത്തോസിനോട്
17. നീ യഹൂദരുടെ രാജാവാണോ
18. ഹേറോദേസിന്റെ
19. ബറാബ്ബാസിനെ
20. കിറേനേക്കാരൻ
21. തലയോട്
22. അവർ കുറിയിട്ടു
23. പ്രമാണികൾ
24. പടയാളികൾ
25. ഇവൻ യഹൂദരുടെ രാജാവ്
26. ശതാധിപൻ
27. യഹൂദരുടെ ഒരു  പട്ടണമായ അരിമത്തിയായിൽനിന്നും
28. പീലാത്തോസിനോട്
29. അവൻ നല്ലവനും നീതിമാനുമായിരുന്നു.
30. പിതാവേ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു.

## ബൈബിൾ ക്വിസ് നവംബർ ശരിയുത്തരങ്ങൾ അയച്ചവർ

| | | |
|---|---|---|
| 1. | Rosy Jose | St Xavier |
| 2. | Johny K.D. | Madona |
| 3. | Leena James | St John |
| 4. | Josepheena Joy | St. Mary's |
| 5. | Marykutty John | Holy Family |
| 6. | Neethu Rapheal | St Joseph |
| 7. | Jerald Wilson | St. Joseph |
| 8. | Daisy Anthappan | St. Mary's |
| 9. | Sheela Antony | St. Antony's |

## നറുക്കെടുപ്പിലൂടെ വിജയിയായത്

**ഷീല ആന്റണി സെന്റ് ആന്റണീസ് യൂണിറ്റ്**

# ചായകൂട്ട് മത്സരം



ഈ ചിത്രത്തിനു അനുയോജ്യമായ ചായമടിച്ച് 15-01-2025-നു മുൻപ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ നിക്ഷേപിക്കണം. ഏറ്റവും നല്ല ചായമിടലിന് സമ്മാനം ഉണ്ടായിരിക്കുന്നതാണ്. (മതബോധന വിദ്യാർത്ഥികൾ പങ്കെടുക്കുക)

---

## ചായമിടൽ മത്സര വിജയി –ഡിസംബർ 2024

**ഒവീന റാഫി, സെന്റ് തോമാസ് യൂണിറ്റ്**

# 60-ാം ചരമദിനം
(04-01-2025)



# പ്രേമ ജോസഫ് (77)

**മുളവരിക്കൽ, ന്യൂ ഗാർഡൻസ്**

| ജനനം | മരണം |
|---|---|
| 08-02-1947 | 06-11-2024 |

## സന്തപ്ത കുടുംബാംഗങ്ങൾ

| മക്കൾ | മരുമക്കൾ | പേരക്കുട്ടികൾ |
|---|---|---|
| വിനു ജോസ് | ഷെലി ലിൻഡ | ഹ്യൂ, ഹർഷെൽ, |
| വീണ ജോസ് | മനോജ് തെക്കിനിയത്ത് | റോഷൻ, റിതിക് |

ഹോളി ഫാമിലി യൂണിറ്റ്




Ocean
WE GIVE LIFE TO PLASTIC

**OCEAN POLYMER TECHNOLOGIES PVT. LTD**
W35, Marar Road, Velappaya Medical College P.O, Thrissur - 680 596
Phone: 0487 2202787 / 89 / 8137009888 / 8137978880
www.theoceangroup.co.in Email: enquiry@theoceangroup.co.in

**AUTHORISED DEALER**
**BENSON HARDWARES. Ph: 93871 51738**

**FOR ENQUIRIES CALL: 0487 2202787**
CUSTOMER CARE: 8137009888

nirmala hiprint Ph : 0487 2387393